**അടിയന്തര പ്രമേയം**

**<u>പകർച്ചവ്യാധികൾ</u>**

<u>മി. സ്പീക്കർ:</u> ഡെങ്കിപ്പനി, എലിപ്പനി, കോളറ, ചിക്കുൻഗുനിയ തുടങ്ങിയ പകർച്ചവ്യാധികൾ സംസ്ഥാനത്തെങ്ങും പടർന്നുകൊണ്ടിരിക്കുകയും നിരവധിപേർ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പ്രവേശിപ്പിക്കപ്പെടുകയും 150-ലധികംപേർ ചികിത്സ ലഭിക്കാതെ മരണപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ സംസ്ഥാനത്താകെ ജനങ്ങൾ ആശങ്കാകുലരായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എളമരം കരീം, വി. എസ്. സുനിൽ കുമാർ, മാത്യൂ. ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): സർ, കേരളത്തിൽ ഇന്നുണ്ടായിരിക്കുന്ന പകർച്ചപ്പനി നേരിടുന്നതിന് ആരോഗ്യവകുപ്പ് മറ്റ് വകുപ്പുകളുമായി ഏകോപനം നടത്തി ഏറ്റവും കാര്യക്ഷമമായതും സാധ്യമായിട്ടുള്ളതുമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് 2003 മുതലാണ് കാലാവസ്ഥാമാറ്റമനുസരിച്ചുള്ള പകർച്ചപ്പനികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഓരോ വർഷവും, 2008-ലും അതുപോലെതന്നെ 2010-ലും ഇതുപോലെയുള്ള സാഹചര്യങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണെന്ന് ബോധ്യപ്പെട്ട

തിന്റെയടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ജനുവരി മാസത്തിലാരംഭിക്കുകയും ഫെബ്രുവരി മാസം 27-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേംബറിൽ യോഗം വിളിക്കുകയും വിവിധ മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിരവധി പ്രാവശ്യം ഇതിനുവേണ്ട ആലോചനായോഗങ്ങൾ ചേരുകയും എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടിയുടെ ഭാഗമായി 928 പഞ്ചായത്തുകളിലും 36 മുൻസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള യോഗം നടക്കുകയുണ്ടായി. അതോടൊപ്പംതന്നെ 14,234 വാർഡുകളിൽ ശുചിത്വ സമിതി യോഗങ്ങൾ നടന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരാണ് വാർഡ് ഹെൽത്ത് ആന്റ് സാനിറ്റേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷന്മാർ. അവിടത്തെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ജെ.പി.എച്ച്.എൻ. കൺവീനറായിട്ടുള്ള മീറ്റിംഗുകളാണ് നടന്നത്. കേരളത്തിലെ എല്ലാ വാർഡുകളിലും ഇതിനുവേണ്ടിയുള്ള ആലോചനായോഗങ്ങൾ നടന്നു. അതിനുശേഷം കേരളത്തിൽ 13,986 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണം നടന്നിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടത് കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. ഓരോ പഞ്ചായത്തുകളിലും പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാന്മാരായും, കോർപ്പറേഷനുകളിൽ കോർപ്പറേഷൻ മേയർമാർ ചെയർമാന്മാരായും സമിതികളുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാർ കൺവീനറായിട്ടുള്ള സമിതികളാണ് പ്രതിരോധ

പ്രവർത്തനങ്ങൾക്ക് കേരളത്തിലെമ്പാടും നേതൃത്വം കൊടുക്കേണ്ടത്. ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നുപറയുന്നത് ആരോഗ്യ വകുപ്പ് ഇതിന് സാങ്കേതികമായിട്ടുള്ള എല്ലാവിധ ഉപദേശങ്ങൾ കൊടുക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ വലിയ വെല്ലുവിളി നേരിടുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയുമാണ് ചെയ്യേണ്ടത്. അതിനുവേണ്ടി 6 മാസങ്ങൾക്ക് മുമ്പ് കേരളത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ജില്ലാതലങ്ങളിലും, പഞ്ചായത്തുകളിലും, മുൻസിപ്പൽ കോർപ്പറേഷനുകളിലും യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും 25000 രൂപ വീതം നൽകുന്നതിന് തീരുമാനിക്കുകയും മെയ് മാസം ആദ്യവാരം തന്നെ 10000 രൂപ ആരോഗ്യ വകുപ്പ് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിലും നൽകുകയും ചെയ്തു, അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ശുചിത്വമിഷന്റെ പണം ഉടൻതന്നെ നൽകുന്നതാണ്. 5000 രൂപ പഞ്ചായത്തുകളുടെ ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള അനുമതിയും ഗവൺമെന്റ് നൽകിയിട്ടുണ്ട്. കൊതുകുകൾ പരത്തുന്നതിലൂടെയും കുടിവെള്ളത്തിലൂടെയുമാണ് പകർച്ചവ്യാധികൾ ഉണ്ടാകുന്നത്. ഇത് തടയുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. കൊതുകുകൾ പരത്തുന്ന പകർച്ചവ്യാധി പടരാൻ സാഹചര്യമൊരുക്കുന്ന ആളുകൾക്കെതിരെ (7640-ഓളം ആളുകൾക്ക്) നോട്ടീസ് നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ 33 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ശുചീകരണത്തിന്റെ ഭാഗമായി ഫോഗിംഗ്, ഇൻഡോർ സ്പേസ് സ്പ്രേ ...... (ബഹളം).... 2034 റൗണ്ട് ഫോഗിംഗ് കേരളത്തിലെ ആരോഗ്യ വകുപ്പ്

നടത്തിയിട്ടുണ്ട്. ... (ബഹളം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ടുള്ള ഫോഗിംഗും മറ്റ് പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ..... (ബഹളം)..... മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ജലവിഭവ വകുപ്പുമന്ത്രി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജലദൗർല്ലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. .......(ബഹളം)........ കുടിവെള്ള ദൗർല്ലഭ്യമുള്ള പ്രദേശങ്ങളിൽ ലോറികളിലെത്തിക്കുന്ന വെള്ളം രണ്ടുമൂന്നു ദിവസം ബക്കറ്റിലോ പാത്രത്തിലോ അടച്ചുവയ്ക്കുന്നതുമൂലം കൊതുകുകൾ ഉണ്ടാകുന്നു. അത് മനസ്സിലാക്കിക്കൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രത്യേകമായി നിർദ്ദേശം കൊടുത്തുകൊണ്ട് ശുദ്ധജലം വിതരണം നടത്തുന്നിനുള്ള നടപടികൾ വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിട്ടുണ്ട്. ........(ബഹളം)......... അതോടൊപ്പം തന്നെ കേരളത്തിൽ മെയ് 12, 19, 26 എന്നീ തീയതികളിൽ ഡ്രൈ ഡേ ആചരിച്ചു. തിരുവനന്തപുരം ജില്ലയിൽ അഡീഷണലായി ഒരു ദിവസംകൂടി ഡ്രൈ ഡേ ആചരിച്ചു. .......(ബഹളം)....... ഈ സ്ഥലങ്ങളിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽനിന്ന് വ്യത്യസ്തമായി പഞ്ചായത്ത് മെമ്പർമാർ, ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, ആശാ വർക്കേഴ്സ് എന്നിവർ വീടുകളിൽപ്പോയി ബോധവൽക്കരണം നടത്തുന്നതിനും സോഴ്സ് റിഡക്ഷൻ നടത്തുന്നതിനുംവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. .......(ബഹളം)...... ആരോഗ്യ വകുപ്പിന്റെ ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായി വയനാട്, ആലപ്പുഴ എന്നീ ജില്ലകളിൽ കണ്ടെത്തിയ കോളറ ഫലപ്രദമായി നിയന്ത്രിക്കുവാൻ കഴിഞ്ഞു. അതിനുശേഷം അവിടെ കോളറ ഉണ്ടായിട്ടില്ല. ആ പ്രദേശത്ത് സ്റ്റേറ്റ് സെല്ലിലുള്ള ഉദ്യോഗസ്ഥന്മാർ പോകുകയും ഹോട്ട് സ്പോട്ടുകളും സോഴ്സുകളും കണ്ടെത്തി അതിനെതിരെ ക്രിയാത്മകമായ നടപടികൾ

സ്വീകരിച്ചതിന്റെ ഫലമായി ആലപ്പുഴ, വയനാട് എന്നീ ജില്ലകളിൽ കോളറ പ്രതിരോധിക്കുവാൻ കഴിഞ്ഞു. അതോടൊപ്പംതന്നെ തിരുവനന്തപുരം ജില്ല യിൽ തിരുവല്ലം ആറ്റിൽ കുളിച്ച കുട്ടികൾക്ക് എലിപ്പനി പിടിപ്പെട്ടു. ആലപ്പുഴ ജില്ലയിലും എലിപ്പനി വന്നു. അതും നിയന്ത്രണവിധേയമാക്കി. ആ പ്രദേ ശത്ത് ഇപ്പോൾ എലിപ്പനിയില്ല. ......(ബഹളം).... അതോടൊപ്പം തന്നെ എച്ച്1 എൻ1 പനിക്കെതിരെ ജാഗ്രതാ നിർദ്ദേശം നൽകി. എലിപ്പനി തടയുന്നതിനു വേണ്ടി കേരളത്തിൽ മുഴുവൻ ഡോക്സിസൈക്ലിൻ ഗുളികകൾ ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. എച്ച്1എൻ1 പനിക്കെതിരെ ജാഗ്രതാ നിർദ്ദേശം നൽകുന്നതിനോടൊപ്പം കേരളത്തിലിന്ന് ഗർഭിണികൾക്ക് ടാമിഫ്ളൂ എന്ന ഗുളികകൾ കൊടുക്കുന്നുമുണ്ട്. ......(ബഹളം)....... കേരള ത്തിലെ ഗവൺമെന്റെടുത്ത നടപടികളെക്കുറിച്ചാണ് ഞാൻ വിശദീകരിക്കുന്ന ത്. അന്യസംസ്ഥാന തൊഴിലാളികൾ ഇവിടെ രോഗങ്ങൾ പരത്തുന്നുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ആരോഗ്യം, പഞ്ചായത്ത്, റവന്യൂ, തൊഴിൽ എന്നീ വകുപ്പുകൾ ഏകോപിച്ച് ബോധവൽക്കരണ ക്യാമ്പുകളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ സമഗ്ര രോഗപ്രതിരോധ നിയന്ത്രണ പരിപാടി ഏറ്റവും ഫലപ്രദമായി ഏറ്റെടു ക്കുന്ന പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനു കൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും കേരളത്തിലാദ്യമായി അവാർഡ് നൽകാൻ തീരുമാനിച്ചു. ......(ബഹളം)...... പ്രതിരോധ പ്രവർത്തനങ്ങളിൽ എറ്റവും ശക്തമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ ഈ രോഗം പ്രതിരോ ധിക്കാൻ കഴിയുകയുള്ളൂ. അതിലേയ്ക്കുവേണ്ടിയുള്ള നടപടികളുടെ ഭാഗ മായാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. അതോടൊപ്പംതന്നെ ഹോട്ട് സ്പോട്ട് കണ്ടെത്തിയാൽ അപ്പോൾതന്നെ അവിടെയെത്തി ആ ഹോട്ട് സ്പോട്ടിൽ

സോഴ്സ് റിഡക്ഷൻ നടത്തുന്ന കർമ്മ പരിപാടികൾ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ അടിയന്തരപ്രമേയത്തിൽ ഉന്നയിച്ച മറ്റൊരു കാര്യം ആശുപത്രികളുടെ സൗകര്യമാണ്.

മി. സ്പീക്കർ: താങ്കൾ പറയാൻ പോകുന്ന കാര്യങ്ങളെല്ലാം സാധാരണഗതിയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചതിനുശേഷം അവർ പറയുന്നത് കേട്ടിട്ടാണ് പറയേണ്ടത്. അങ്ങ് ഇതെല്ലാം പറഞ്ഞാൽ......... പറഞ്ഞോളൂ.

ശ്രീ. വി.എസ്. ശിവകുമാർ: സർ, പ്രതിരോധ പ്രവർത്തനങ്ങൾ, ആശുപത്രികളുടെ സൗകര്യങ്ങൾ, മരുന്നില്ല എന്നിവ സംബന്ധിച്ച കാര്യങ്ങളാണ് ഇതിൽ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പറയാനുള്ള അനുമതി തന്നാൽ ഞാൻ ഇപ്പോൾത്തന്നെ പറയാം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞുതുടങ്ങിയല്ലോ; ഇനി പറഞ്ഞുകൊള്ളൂ. അവസാനം അടിയന്തിരപ്രമേയം അവതരിപ്പിക്കുന്ന മെമ്പർ സംസാരിച്ചതിനു ശേഷം ഇരിക്കും. അപ്പോൾ ചർച്ച തീരും.

ശ്രീ. വി.എസ്. ശിവകുമാർ: സർ, ആശുപത്രികളിൽ ഡോക്ടർമാർ ഇല്ലെന്നുള്ള പരാതി ഒരു സ്ഥലത്തുമില്ല. .......(ബഹളം)......... ഞാൻ പറയട്ടെ, ഞാൻ പറയാം ........(ബഹളം)....... പരാതിയില്ല എന്നു പറഞ്ഞാൽ കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ........(ബഹളം)....... ഞാൻ പറയുന്നത് കേട്ടിട്ട് പറയണം......(ബഹളം)........

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്നും എഴുന്നേറ്റു നിന്ന് ബഹളംവച്ചു)

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്...... ഗവൺമെന്റ് എടുത്ത നടപടികൾ സംബന്ധിച്ച് അദ്ദേഹം പറയും.... പ്ലീസ്.....

<u>ശ്രീ. വി.എസ്. ശിവകുമാർ</u>: സർ, കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ കാലമായി ഒഴിഞ്ഞുകിടന്ന 869 അസിസ്റ്റന്റ് സർജൻമാരുടെ തസ്തികയിൽ നിയമനം നടത്തി. അതോടൊപ്പംതന്നെ ഇപ്പോൾ സംസ്ഥാനത്ത് ഒഴിവുള്ള അസിസ്റ്റന്റ് സർജൻമാരുടെ എണ്ണത്തിന്റെ അഞ്ചിരട്ടി ഡോക്ർമാരെ നിയമിച്ചിട്ടുണ്ട്. .....(ബഹളം)....... ഞാൻ പറയട്ടെ. 70 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുള്ള സ്ഥലത്ത് 975 എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയമിച്ചു. 869 പേരെ പി.എസ്.സി. വഴി നിയമിച്ചു. 1961-ലെ സ്റ്റാഫ് പാറ്റേൺ ആണിവിടെയുള്ളത്. ഇതുവരെയുള്ള ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ ഒരു ഡോക്ടർമാരുടെപോലും അധിക തസ്തികകൾ ഉണ്ടാക്കിയില്ല. ......(ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ്...... പ്ലീസ്..... നിങ്ങൾ സീറ്റിലിരിക്കൂ. അദ്ദേഹം പറയട്ടെ........(ബഹളം).......

<u>ശ്രീ. വി.എസ്. ശിവകുമാർ</u>: ഞാൻ കണക്കുകളുടെ അടിസ്ഥാനത്തിൽ പറയുകയാണ്. ഡോക്ടർമാരുടെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കും. .......(ബഹളം)......... പറയാൻ അനുവദിക്കണം. ഡോക്ടർമാരെ നിയമിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറയുന്നതാണ്. .........(ബഹളം)....... നിങ്ങൾ ബഹളമുണ്ടാക്കിയാൽ എനിക്ക് സംസാരിക്കേണ്ടേ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 869 ഡോക്ടർമാരെ പി.എസ്.സി. വഴി നിയമിച്ചു. ഈ ഒഴിവുകൾ എത്രയോ വർഷമായി ഒഴിഞ്ഞുകിടന്നതാണ്. 70 വേക്കൻസികളാണ് അസിസ്റ്റന്റ് സർജൻമാർക്കുള്ളത്. എന്നാൽ 975 ഡോക്ടർമാരെ എൻ.ആർ.എച്ച്.എം. വഴി നിയമിച്ചു. കേരളത്തിലെ സ്റ്റാഫ്

സ്ട്രെങ്തിന് ഉപരിയായി അഞ്ചിരട്ടിയിലധികം ഡോക്ടർമാർ ഇന്ന് ആരോഗ്യ വകുപ്പിൽ ജോലിചെയ്യുന്നു. നിങ്ങളുടെ കാലഘട്ടത്തിൽ നിയമിച്ചിട്ടുണ്ടോ? .....(ബഹളം)................ ക്യാബിനറ്റ് പ്രത്യേകം കൂടി പി.എസ്.സി. ലിസ്റ്റിലുള്ള മുഴുവൻ ആളുകളേയും പോസ്റ്റുചെയ്തു. പുതിയ ഏമർജൻസി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നു. ഡോക്ടർമാരെ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം കൊടുത്തു. ......(ബഹളം)......

<u>മി. സ്പീക്കർ</u>: ഒരു മിനിറ്റ്..... പ്ലീസ്..... ഞാനൊരു കാര്യം പറയട്ടെ. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. എളമരം കരീമിന് സംസാരിക്കണ്ടേ? നിങ്ങളിങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെ സംസാരിക്കാൻ കഴിയും. .........(ബഹളം)....... അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ.എളമരം കരീമിന് സംസാരിക്കാനുള്ള ഒരു അറ്റ്മോസ്ഫിയർ നിങ്ങൾ ഉണ്ടാക്കണം. .........(ബഹളം) ........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ ബഹളത്തിനു കാരണം, മന്ത്രി പറയുന്നത് ഡോക്ടർമാർ ഇല്ലെന്നുള്ള പരാതി ഒരുസ്ഥലത്തുമില്ലായെന്നുള്ളതാണ്. എന്റെ മണ്ഡലമായ തലശ്ശേരിയിൽതന്നെ ആറ് ഡോക്ടർമാരില്ല. ഇങ്ങനെ മറുപടി പറഞ്ഞാൽ പിന്നെങ്ങനെ ബഹളം വയ്ക്കാതിരിക്കും.

<u>മി.സ്പീക്കർ</u>: ഒരു മന്ത്രി അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റ് എടുത്ത നടപടികളാണ് സഭയിൽ പറയുന്നത്. ......(ബഹളം).... ഞാൻ പറയട്ടെ..... നിങ്ങൾ അദ്ദേഹത്തെ സംസാരിക്കാൻ സമ്മതിക്കാതിരുന്നാൽ ശ്രീ. എളമരം കരീം എങ്ങനെ ഇവിടെ സംസാരിക്കും. ......(ബഹളം)...... നോ.... നോ..... പ്ലീസ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, കേരളത്തെ പിടിച്ചു കുലുക്കിയ, കേരളത്തിലെ ജനങ്ങളെ മുഴുവൻ ദുഃഖിതരാക്കുന്ന, 150 ആളുകൾ മരണപ്പെട്ടിട്ട്

ആ വസ്തുതകളൊന്നും അംഗീകരിക്കാതെ അദ്ദേഹം ഞങ്ങളെ പഠിപ്പിക്കുകയാണ്. നിയമസഭയിൽ സത്യം പറയണം. നിയമസഭയിൽ സത്യമേ പറയാവൂ.

മി. സ്പീക്കർ: സത്യംതന്നെയാണ് പറയുന്നത്. അത് നിങ്ങളൊന്ന് കേൾക്ക്..... (ബഹളം).....

ശ്രീ. വി.എസ്. ശിവകുമാർ: സർ, നിയമസഭയിൽ സത്യമേ പറയാവൂ എന്നെനിക്കറിയാം. ഞാൻ നിയമസഭയിൽ സത്യംതന്നെയാണ് പറയുന്നത്. ഇപ്പോൾ പ്രതിപക്ഷം ഉന്നയിക്കുന്ന ഒരു പ്രശ്നമുണ്ട്. അത് ഞാൻ പറയാം. 1961- ലെ സ്റ്റാഫ് പാറ്റേൺ ആണ് കേരളത്തിലുള്ളത്. ഇതുവരെ ഒരു ഗവൺമെന്റുകളും ആ സ്റ്റാഫ് പാറ്റേൺ മാറ്റാൻ മുന്നോട്ടുവന്നില്ല. ഈ ഗവൺമെന്റ് ഘട്ടംഘട്ടമായി ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുകയാണ്. അതോടൊപ്പംതന്നെ ഒരു ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ എന്നുപറഞ്ഞാൽ, 100 പേർ ഒ.പി.യിൽ വരുന്ന അന്നത്തെ സാഹചര്യമനുസരിച്ച് ഒരു ഡോക്ടറെയാണ് നിയമിച്ചിരുന്നത്. പക്ഷെ, ഇന്ന് അതേ സ്ഥാനത്ത് ആയിരംപേർ വരുന്നു. അപ്പോൾ അവിടെ ഡോക്ടർ ഇല്ലെന്നുള്ള പരാതി സ്വാഭാവികമായും ഉണ്ടാകും. ഞാൻ പറഞ്ഞത് സ്റ്റാഫ് സ്ട്രെങ്ത് അനുസരിച്ചുള്ള ഡോക്ടർമാർ കേരളത്തിലെ എല്ലാ ആശുപത്രികളിലുമുണ്ട്. ഞാൻ കണക്കുകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. എവിടെ വേണമെങ്കിലും നിങ്ങൾക്ക് പരിശോധിക്കാം. നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്തിനേക്കാൾ അഞ്ചിരട്ടിയിലധികം ഡോക്ടർമാരെ കേരളത്തിൽ നിയമിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ദയവുചെയ്ത് അംഗങ്ങൾ സീറ്റിലിരിക്കണം. മിനിസ്റ്റർ സംസാരിച്ചുകഴിഞ്ഞോ?

<u>ശ്രീ. വി.എസ്. ശിവകുമാർ</u>: ഈ ഗവൺമെന്റെടുത്ത കുറച്ചു നടപടികൾകൂടി പറയാനുണ്ട്. അത് അടിയന്തിര പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞതിനുശേഷം പറയാം.

<u>മി. സ്പീക്കർ</u>: ശരി. ബഹുമാനപ്പെട്ട ശ്രീ. എളമരം കരീം അങ്ങേയ്ക്ക് സംസാരിക്കാം.

<u>ശ്രീ. എളമരം കരീം</u>: സർ, സംസ്ഥാനം വളരെ ഗുരുതരമായ ഭീഷണിയിലാണ്. ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ, എൻ.1 എച്ച്1 തുടങ്ങിയ പകർച്ചപ്പനികൾമൂലം ലക്ഷക്കണക്കിന് കേരളീയരാണ് ആശുപത്രിയിലായിട്ടുള്ളത്. 150 -ഓളം ആളുകൾ ഇതിനകം മരണപ്പെട്ടു. ഈ പ്രശ്നത്തിന് ഇവിടെ മറുപടി പറഞ്ഞ ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ വകുപ്പിന്റെ അനാസ്ഥകാരണം മരണപ്പെട്ടവരുടെ വിയോഗത്തിൽ ഒരു ദുഃഖംപോലും പ്രകടിപ്പിച്ചില്ലെന്നത് മനഷ്യത്വപരമാണോ? തന്റെ കഴിവുകേടുകൊണ്ടും തന്റെ വകുപ്പിന്റെ പിടിപ്പുകേടുകൊണ്ടുമാണ് കേരളീയർ ഈ പനിക്കിടയിൽ കിടക്കേണ്ടിവന്നതെന്ന കുറ്റബോധമെങ്കിലും അദ്ദേഹത്തിനുണ്ടാകേണ്ടതായിരുന്നു. തിരുവനന്തപുരം നഗരത്തിൽ അങ്ങുമിങ്ങും കാണുന്ന ഫ്ളക്സ് ബോർഡുകൾപോലെതന്നെയുണ്ട് ഇവിടേയും മന്ത്രി. “പോഷകാഹാരക്കുറവേ ഇന്ത്യ വിടുക” എന്ന അമീർഖാന്റെ ഒരു പരസ്യമുണ്ട്. അതുപോലെ “ചിക്കുൻഗുനിയ ഇന്ത്യ വിടുക” എന്ന ഒരു ഫ്ളക്സ് ബോർഡുവച്ചാൽ പ്രശ്നം തീരുമെന്ന ധാരണയിലാണ് അദ്ദേഹം. അങ്ങ് വിശദീകരിച്ച ഈ നടപടികൾ നമ്മുടെ സംസ്ഥാനത്തല്ല അങ്ങ് ഉഗാണ്ടയിലോ മറ്റോ നടന്നിട്ടുണ്ടാകും. ഇവിടെയൊന്നും നടന്നിട്ടില്ല. അങ്ങ് ഡോക്ടർമാരുടെ എണ്ണംപറഞ്ഞല്ലോ,

ആവശ്യത്തിനുണ്ടെന്ന്. ജൂൺ മാസം 3-ാം തീയതി മലയാള മനോരമ "ഡോക്ടർ ഔട്ട്" എന്ന തലക്കെട്ടോടുകൂടി പ്രസിദ്ധീകരിച്ച കണക്ക് ഞാൻ പറയാം. "തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് ആവശ്യത്തിന് ഡോക്ടർമാരുള്ളത്. ഡോക്ടർമാർ ഏറ്റവും കുറവുള്ളത് കോഴിക്കോട് ജില്ല യിലാണ്. അവിടെ 118 തസ്തിക ഒഴിഞ്ഞുകിടക്കുന്നു. കാസർഗോഡ് ആകെ തസ്തിക 74, നിലവിലുള്ളത് 61 പേർ, ഒഴിവ് 13. കണ്ണൂരിൽ 130 തസ്തികക ളിൽ ഇപ്പോഴുള്ളത് 101 പേർ, ഒഴിവ് 29. കോഴിക്കോട് 633 തസ്തികകളിൽ നിലവിലുള്ളത് 515 പേർ, ഒഴിവ് 118. ആലപ്പുഴയിൽ 440 തസ്തികകളിൽ നില വിലുള്ളത് 340 പേർ, ഒഴിവ് 100. കോട്ടയം 543- ൽ നിലവിലുള്ളത് 463 പേർ, ഒഴിവ് 80........." ബാക്കി എല്ലാ കണക്കും ഞാൻ വായിക്കുന്നില്ല. സർക്കാർ നഴ്സുമാരുടെ എണ്ണത്തിൽ 609 പേരുടെ കുറവുണ്ട്. ഇത് കേരളത്തിലല്ലേ? തസ്തിക ഉണ്ട് എന്നു പറയുന്നവരിൽ എത്രപേർ ജോലിക്ക് വരുന്നുണ്ട്; എത്ര പേർക്ക് നിങ്ങൾ ലീവ് കൊടുത്തു; ആരൊക്കെയാണ് ജോലിക്കുവരുന്നത് എന്നതിന്റെ കണക്കുണ്ടോ? ഇവിടെ നിങ്ങൾ പറഞ്ഞ ഈ ന്യായം ഈ സർക്കാരിനെ എല്ലാ കാര്യത്തിലും അനുകൂലിക്കുന്ന മാധ്യമങ്ങളെയെങ്കിലും ബോധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ? ജൂൺ 1-ാം തീയതിയിലെ മലയാള മനോരമ പത്രത്തിന്റെ മുഖപ്രസംഗമാണ് "കേരളത്തെ ഡെങ്കിക്ക് വിട്ടുകൊടു ക്കരുത്". നിങ്ങൾ ഇത് പരാമർശിച്ചോ? "കേരളം നേരിടുന്ന ഏറ്റവും ഭീതിത ആരോഗ്യപ്രശ്നങ്ങളിലൊന്നായ ഡെങ്കിപ്പനി പിടിമുറുക്കിയിരിക്കുകയാണി പ്പോൾ. ഈ വർഷം സംസ്ഥാനത്ത് ഡങ്കിപ്പനിമൂലം 7 പേർ മരിച്ചു എന്നാണ് ഔദ്യോഗിക കണക്കെങ്കിലും 50-ഓളം പേരുടെ മരണകാരണം ഡെങ്കിയാ

ണെന്ന് സംശയം." ഈ മാസം 11-ാം തീയതിയാകുമ്പോൾ ആകെ മരിച്ചത് 150-ലധികം ആളുകളാണ്. "രോഗത്തിന്റെ ആവർത്തന വ്യാപക സ്വഭാവ ങ്ങൾ പരിഗണിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രതിരോധനടപടികൾ ഇനിയെങ്കിലും ആസൂത്രണം ചെയ്യണം". എന്നുവച്ചാൽ ഒന്നും ചെയ്തിട്ടില്ല. നിങ്ങൾ ജനുവരിമുതൽ യോഗം കൂടുന്നുവെന്ന് പറഞ്ഞല്ലോ. നിങ്ങൾ യോഗം കൂടുന്നത് നിങ്ങൾക്കിടയിലുള്ള തർക്കം തീർക്കാനല്ലാതെ കേരള ത്തിലെ ജനങ്ങൾക്കുവേണ്ടിയല്ല. ജൂൺ മാസം 3-ാം തീയതിയിലെ മാധ്യമം ദിനപ്പത്രത്തിൽ മുഖപ്രസംഗം എഴുതിയിരിക്കുന്നത് "പനിച്ചുവിറയ്ക്കുന്ന കേരളം" എന്നാണ്. ഇത് വെറും വാർത്തയല്ല. നിങ്ങൾ ഇത് വായിച്ചുനോ ക്കിയിട്ടുണ്ടോ? "മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് സർക്കാർ ആതുരാലയങ്ങളിലും ഇവരെയൊക്കെ നേരാംവണ്ണം ചികിത്സിക്കാനോ ശുശ്രൂഷിക്കാനോ മതിയായത്ര ഡോക്ടർമാരും നഴ്സുമാരും പാരാമെഡി ക്കൽ സ്റ്റാഫും ഇല്ല" എന്നാണ് എഴുതിയിരിക്കുന്നത്. സർക്കാരിന്റെ അക്ഷ ന്തവ്യമായ അനാസ്ഥയും ഇതിനുകാരണമാണെന്ന് ഈ മുഖപ്രസംഗത്തിൽ എഴുതിവിച്ചിരിക്കുകയാണ്. ജൂൺ മാസം 4-ാം തീയതി മാതൃഭൂമി പത്ര ത്തിൽ "പനി, ജില്ലകൾക്ക് 7 ലക്ഷം, ആരോഗ്യ കേന്ദ്രങ്ങളുടെ സമയം നീട്ടും" എന്ന തലക്കെട്ടിൽപകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലകൾക്ക് ആരോഗ്യവകുപ്പ് ഇത്ര പണം അനുവദിച്ചു എന്ന റിപ്പോർട്ടിൽ "കെ.എസ്.ഡി.പി.യിൽ 40 ലക്ഷം ഗുളികകൾ കെട്ടിക്കിടക്കുന്നു. ആശുപത്രി കളിൽ മരുന്നില്ല" എന്ന് എഴുതിയിരിക്കുന്നു. നിങ്ങൾ കോടിക്കണക്കിന് രൂപ

യുടെ മരുന്നുവാങ്ങിയതിന്റെ കണക്കുപറഞ്ഞിട്ട് കാര്യമില്ല. ഈ പനി പ്രതിരോധിക്കാനുള്ള മരുന്ന് ഒരൊറ്റ ആശുപത്രിയിലുമില്ല. വേറെ പല മരുന്നും സ്വകാര്യ കമ്പനികൾക്കുവേണ്ടി നിങ്ങൾ വാങ്ങിവച്ചിട്ടുണ്ട്. ജൂൺ 1 മുതൽ 10 വരെ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി തുടങ്ങിയ പത്രങ്ങളുടെ പത്ര കട്ടിംഗ്സാണിത്. (പത്രക്കട്ടിംഗ്സ് സഭയിൽ ഉയർത്തിക്കാണിച്ചു) ജൂൺ 1-ാം തീയതിയിലെ മാതൃഭൂമി പത്രത്തിന്റെ തലക്കെട്ട് "കേരളം പനിച്ചുവിറയ്ക്കുന്നു" നിങ്ങൾ ഇത് കണ്ടില്ലേ? "മഴക്കാലമെത്തിയതോടെ കേരളം പനിച്ചുവിറയ്ക്കുന്നു" എന്ന തലക്കെട്ടോടെയാണ് തുടങ്ങിയത്. ഡോക്ർമാരുടെ സമരം, സർക്കാരിന്റെ അനാസ്ഥ തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിൽ വിശദീകരിച്ചിട്ടുണ്ട്. "ഡെങ്കിപ്പനിക്ക് വകഭേദം, മാരകമെന്ന് മുന്നറിയിപ്പ്", "7 പേർക്ക് എലിപ്പനി", "ഡെങ്കി- 4 മരണം", അടുത്ത ദിവസം "10 മരണം കൂടി", "ഒരു മരണം, 45 പേർക്കുകൂടി ഡെങ്കി", "10 പേർക്കുകൂടി ഡെങ്കിപ്പനി." ഇങ്ങനെ വാർത്തകൾ പോകുകയാണ്. അടുത്ത ദിവസത്തെ പത്രത്തിൽ "ഡെങ്കിപ്പനി ബാധിതരുടെ എണ്ണം കഴിഞ്ഞ വർഷത്തേതിനെക്കാൾ കുറവാണെന്ന സാർക്കാർ വാദം തെറ്റാണെന്ന് ആരോഗ്യ വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. " ജൂൺ ഒന്നുമുതലുള്ള മലയാള മനോരമ പത്രത്തിൽ - "*ഡോക്ടർമാർ സമരച്ചൂടിൽ, പനിച്ചൂടിൽ കേരളം*: കാലവർഷമെത്തിയതോടെ സംസ്ഥാനത്തെ ആശുപത്രികൾ പനിബാധിതരെക്കൊണ്ട് നിറയുകയാണ്." അടുത്ത ദിവസത്തെ വാർത്ത - '*പനിക്കാർ കൂടുന്നു;* റഫറൽ സംവിധാനം ഏർപ്പെടുത്തി

യിട്ടും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പനി ബാധിച്ച് എത്തുന്ന രോഗികളുടെ വരവ് വർദ്ധിക്കുന്നു. *പനിച്ച് വിറച്ചെത്തുന്ന രോഗികളെക്കൊണ്ട് വാർഡുകൾ നിറഞ്ഞുകവിഞ്ഞു."* അങ്ങയുടെ വിശദീകരണത്തിൽ ഇത്തരം വസ്തുതകൾ സംബന്ധിച്ച എന്തെങ്കിലുമൊരു ലാഞ്ചനയുണ്ടായോ. '*ദുരിതം മെഡിക്കൽ കോളേജിൽ, മിന്നൽ ജനറൽ ആശുപത്രിയിൽ*'. മന്ത്രിയുടെ മിന്നൽപ്പരിശോധന ജനറൽ ആശുപത്രിയിൽ, ദുരിതം മുഴുവനും മെഡിക്കൽ കോളേജ് ആശുപത്രിയിൽ. "പനിപ്പേടിയിൽ ജനം മെഡിക്കൽ കോളേജിലേക്ക് ഇടിച്ചുകയറാൻ തുടങ്ങിയതോടെ തലസ്ഥാനത്ത് ആധുനിക ചികിത്സ ലഭ്യമാകുന്ന ആശുപത്രികളിൽ നിന്നുതിരിയാൻ ഇടമില്ലാത്ത സ്ഥിതിയാണ്. 40 പേർക്ക് കഴിയാവുന്ന വാർഡിൽ 300-ഓളം പേരാണ് തിങ്ങിനിറഞ്ഞുകിടക്കുന്നത്. മാധ്യമപ്രവർത്തകരെയും ചാനൽ ക്യാമറാമാൻമാരെയും അറിയിച്ചശേഷമായിരുന്നു വൈകിട്ട് 6.00 മണിയോടെ മന്ത്രിയുടെ സന്ദർശനം." മെഡിക്കൽ കോളേജ് ആശുപത്രിയിലാണ് ഏറ്റവും വലിയ പ്രശ്നം, മന്ത്രി സന്ദർശനം നടത്തിയത് ജനറൽ ആശുപത്രിയിൽ. അടുത്തത്, നിങ്ങളെ പരിഹസിച്ചുകൊണ്ട് എഴുതുകയാണ്, '*ജനറൽ ആശുപത്രിയിൽ നിന്നുള്ള റിയാലിറ്റി വിവരണം* - ഇവിടെ ആർക്കും സുഖമില്ല, മെഡിക്കൽ കോളേജിലും അങ്ങനെതന്നെയെന്ന് ഉറപ്പായി വിശ്വസിക്കുന്നു'. കേരളത്തിലെ അവസ്ഥയാണിത്. കേരള കൗമുദിയിലെ തലക്കെട്ടുകൾ - "*ഉയിരെടുത്ത് പനി*", "*തലസ്ഥാനം പനിക്കിടക്കയിൽ*", "*പനി പടരുന്നു*", "*പനിയുടെ ആതുരാലയം*". ഇതാണ് ഇവിടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ. എന്തുകൊണ്ട് ഈ സ്ഥിതിവിശേഷമുണ്ടായി എന്നതിനെ സംബന്ധിച്ച് നിങ്ങൾ ഗൗരവമായി ആലോചിച്ചിട്ടുണ്ടോ? തലസ്ഥാന നഗരം മുഴുവനും

മാലിന്യംകൊണ്ട് നിറഞ്ഞുകവിഞ്ഞിരിക്കുകയാണ്. മഴക്കാലത്തിനുമുമ്പ് അതെല്ലാം നീക്കാത്തതുകൊണ്ട് മഴ വന്നപ്പോൾ അതെല്ലാം ഒലിച്ച് നാടുമുഴുവനും ഇറങ്ങി. കൊതുക് വളരാൻ ഇത് കാരണമായി. കൊതുകിനെ ഇനി ഒഴിപ്പിക്കാൻ കഴിയുമോ? തിരുവനന്തപുരം കോർപ്പറേഷന്റെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള എല്ലാ സംവിധാനങ്ങളും ഈ സർക്കാർ തടസ്സപ്പെടുത്തി. ബഹു. സുപ്രീം കോടതി വിധിപോലും നടപ്പാക്കാൻ നിങ്ങളുടെ ഡെപ്യൂട്ടി സ്പീക്കറും ഈ ഗവൺമെന്റും സമ്മതിച്ചില്ല. ഈ നഗരം മുഴുവനും ഈ സ്ഥിതിയിലെത്തിച്ചതിന് നഗരവികസനത്തെ മാത്രം പറയുന്നില്ല, ഇവിടെ പ്രാദേശിക താൽപ്പര്യം വച്ച് അക്രമാസക്തമായ പ്രശ്നങ്ങളുണ്ടാക്കി നഗരസഭയെ വീർപ്പുമുട്ടിച്ചു. നമ്മുടെയൊരു രീതിയുണ്ട്, നമ്മുടെ വീടിന്റെ പുറകിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് എല്ലാ വീട്ടുകാരും എതിരാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സർ, ...(മൈക്ക് ഓഫ്)...... വിളപ്പിൽശാലയിലെ ജനങ്ങളെ കൊല്ലണമെന്നാണോ നിങ്ങൾ പറയുന്നത്?

<u>ശ്രീ. എളമരം കരീം</u>: സർ, അദ്ദേഹത്തിന് പറയാം. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് പ്രകോപിതനാകാം. പക്ഷെ, ഈ നഗരം മുഴുവൻ രോഗം പടരാൻ കാരണമായ നിലപാടെടുത്ത അദ്ദേഹത്തിന് ജനങ്ങളോട് മറുപടി പറയാൻ ബാധ്യതയുണ്ട്. നഗരം മുഴുവനും മാലിന്യമാണ്. കേരളത്തിൽ പകർച്ച വ്യാധിമൂലമുള്ള മരണനിരക്ക് വളരെ കൂടുതലാണ്. അതിന്റെ പ്രധാന കാരണം മാലിന്യമാണ്. തിരുവനന്തപുരത്ത് മാത്രമല്ല, കോട്ടയത്തും തൃശ്ശൂരിലും എറണാകുളത്തുമുൾപ്പെടെ എല്ലായിടത്തും ഈ പ്രശ്നമുണ്ട്. മഴക്കാലപൂർവ്വ ശുചീകരണം കൃത്യമായി നടത്തിയില്ല. അതിനുള്ള സംവിധാനമുണ്ടാക്കിയില്ല. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പലതും മുമ്പ് നിർമ്മൽ പുരസ്ക്കാരം നേടിയവയാണ്. നിങ്ങളുടെ ആസൂത്രണക്കുറ

വുകൊണ്ടാണ് ഈ വർഷം ഇങ്ങനെ സംഭവിച്ചത്. ആവശ്യമായ സമയത്ത് ഇടപെടാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. ഇവിടെയുള്ള സംവിധാനങ്ങൾ ഫല പ്രദമായി പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്? രാജഭരണ കാലത്ത് ആരോഗ്യ-രോഗ നിർമ്മാർജ്ജ നത്തിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള ഡിപ്പാർട്ടുമെന്റായി രുന്നു പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ്. അതുമാറി സംസ്ഥാന ഗവൺമെന്റു കൾ വന്നപ്പോൾ അതിനെ ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗ മാക്കി മാറ്റി. നമുക്ക് നല്ല സംവിധാനങ്ങളുണ്ട്. പക്ഷെ, ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാൻ ആരോഗ്യ വകുപ്പിനോ ഗവൺമെന്റിനോ സാധിക്കുന്നില്ല എന്നതാണ് ഇന്നത്തെ പ്രശ്നം. മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡി സിൻ ഡിപ്പാർട്ടുമെന്റുണ്ട്. പകർച്ചവ്യാധി രോഗനിവാരണത്തിനുള്ള ഇൻഫെ ക്ഷ്യസ് ഡിസീസ് ഡിപ്പാർട്ടുമെന്റുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകൾ ചേർന്ന് രൂപീകരിച്ചിട്ടുള്ള ഇ.ഐ.ഡി. സെല്ലുണ്ട് (പ്രിവെൻഷൻ ഓഫ് എപ്പിഡമിക് ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസ് സെൽ). അന്താരാഷ്ട്ര സഹകരണ ത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ക്ലിനിക്കൽ എപ്പിഡെമിയോളജി നെറ്റ്വർക്ക് സംവിധാനമുണ്ട്. ശ്രീചിത്രാ സെന്ററിൽ അച്ച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസുണ്ട്. ഇതിനെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിൽ ഇത്തരം മാരകമായ പകർച്ചവ്യാധികൾ വരുന്നത് തടയാനുള്ള പ്രവർത്തനം നടത്തേണ്ടത് ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ്. നിങ്ങൾ ഈ കാലം വരെ എന്തെടുക്കുകയായിരുന്നു; നിങ്ങൾ യോഗം കൂടിയാൽ പ്രശ്നം തീരുമോ; കോഴിക്കോട് ജില്ലയിലെ യോഗത്തിന് അങ്ങ് വരാമെന്നുപറഞ്ഞിട്ട് വന്നില്ലല്ലോ? ഉത്തരവാദിത്വം നിർവ്വഹിച്ചില്ലെന്നതാണ് പ്രശ്നം. ആലപ്പുഴ

മെഡിക്കൽ കോളേജ് കാമ്പസിലുള്ള കേരളാ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നന്നായി പ്രവർത്തിക്കുന്നില്ല, ആവശ്യത്തിന് സ്റ്റാഫില്ല. എത്രകാലം ബഹളം വച്ചതിനുശേഷമാണ് ഇൻസ്റ്റിറ്റ്യൂട്ട് തുറന്നത്? പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവാരത്തിലേക്ക് ഇതിനെ ഉയർത്തുമെന്ന് വാഗ്ദാനമുണ്ടായിരുന്നു. നിങ്ങൾ എന്തുചെയ്തു? ഇതുവരെ യാതൊന്നും ആ നിലയിൽ മുന്നോട്ടുപോയിട്ടില്ല. ആലപ്പുഴ ജില്ലയിൽത്തന്നെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. ഇത് രണ്ടുമായി ഏകോപിച്ചുള്ള പ്രവർത്തനമില്ല. ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ ഏറ്റവും വിദഗ്ദ്ധമായ ഒരു കേന്ദ്രം സ്ഥാപിക്കണമെന്ന നിർദ്ദേശം ഇന്നേവരെ നിങ്ങൾ സ്വീകരിച്ചിട്ടില്ല. ഇങ്ങനെയൊക്കെയല്ലേ രോഗപ്രതിരോധത്തിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത്. രോഗം വന്നാൽ ചികിത്സിക്കുക എന്നതിനപ്പുറം പ്രതിരോധത്തിനാണ് ഊന്നൽ നൽകേണ്ടത്. നമ്മുടെ നാട്ടിലെ ആശുപത്രികൾക്കും മരുന്ന് കമ്പനികൾക്കും ലാബുകൾക്കും നല്ല കൊയ്ത്താണ്. സർക്കാർ ആശുപത്രികളിൽ സൗജന്യ ലാബ് പരിശോധന അങ്ങ് പ്രഖ്യാപിച്ചില്ലേ; മെഡിക്കൽ കോളേജിലൊഴികെ ഈ സംവിധാനം എവിടെയാണുള്ളത്? സ്വകാര്യ ലാബുകൾ രോഗികളെ പിഴിയുകയാണ്. ഓരോ ലാബിന്റെയും റേറ്റ് - ഡെങ്കി പ്ലേറ്റ്ലെറ്റ് കൗണ്ട് ടെസ്റ്റ് - സർക്കാർ ആശുപത്രിയിൽ 30-50 രൂപ, സ്വകാര്യ ലാബിൽ 100 രൂപ. ടോട്ടൽ കൗണ്ട് ടെസ്റ്റ് - സർക്കാർ ലാബിൽ 50 രൂപ, സ്വകാര്യ ലാബിൽ 120 രൂപ. എലിപ്പനി - ബിലിറൂബിൻ ടെസ്റ്റ് - സർക്കാർ ലാബിൽ 30 രൂപ, സ്വകാര്യ ലാബിൽ 200 രൂപ. ഡെങ്കി കാർഡ് ടെസ്റ്റ് - സർക്കാർ ലാബിൽ 100 രൂപ, സ്വകാര്യ ലാബിൽ 200 രൂപ, മലേറിയ എലിസാ ടെസ്റ്റ് - സ്വകാര്യ ലാബിൽ 500 രൂപ,

സർക്കാർ ആശുപത്രിയിൽ ലാബില്ല. താലൂക്ക് ആശുപത്രികളിൽ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ എവിടെയും ലാബ് സൗകര്യമില്ല. 15 ലക്ഷം ആളുകളാണ് ഇതുവരെ ചികിത്സ തേടിയെത്തിയത്. എത്രകോടി രൂപയാണ് സ്വകാര്യ ലാബുകളിലേക്ക് പോയത്; എത്ര കോടി രൂപ സ്വകാര്യ ആശുപത്രികളിലേക്ക് പോയി? രക്തത്തിന് വാണിജ്യാടിസ്ഥാനത്തിൽ വില നിശ്ചയിക്കാൻ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്ക് നിങ്ങൾ അനുമതി നൽകി. എത്ര കോടി രൂപ അവർ ജനങ്ങളിൽ നിന്നും ഈടാക്കി? മരുന്നിന്റെ വില, പാരസെറ്റമോളിനും പാരസെറ്റമോൾ കോമ്പിനേഷനും 10% മുതൽ 30% വരെ വിലകൂടി. പ്രതിരോധത്തിനുള്ള ഒരു മരുന്നും ഒരാശുപത്രിയിലുമില്ല എന്നതാണ് അനുഭവം. മറ്റൊന്നുകൂടി, ഇനി വരാൻ പോകുന്നത് മഞ്ഞപ്പനിയാണ്. ഇതിനെക്കാൾ മാരകമായ, അതും ഈഡിസ് ഈജിപ്തിയെന്ന കൊതുക് പരത്തുന്ന രോഗമാണെന്ന് മുന്നറിയിപ്പ് വന്നുകഴിഞ്ഞു. മഞ്ഞപ്പനിയെ സംബന്ധിച്ച് ലോകം മുഴുവനും മുന്നറിയിപ്പുണ്ട്. കേരളത്തിലും അത് ബാധിക്കാൻ പോകുകയാണ്. ഇതെല്ലാം സംഭവിച്ചതിനുള്ള പ്രധാന കാരണം മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതാണ്. അങ്ങിവിടെ ഡ്രൈ ഡേ-യെക്കുറിച്ച് പറഞ്ഞല്ലോ, എവിടെയാണ് ഡ്രൈ ഡേ നടപ്പിലായത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് തിരുനക്കര മൈതാനിയിൽ ഒരു വലിയ സമ്മേളനം നടത്തി മാലിന്യ നിർമ്മാർജ്ജന പദ്ധതി പ്രഖ്യാപിച്ചെങ്കിലും ഒരു തുടർ നടപടിയും പിന്നീടുണ്ടായില്ല. അതിന്റെയും ചിത്രങ്ങളെല്ലാം പത്രത്തിൽ വന്നിട്ടുണ്ട്. "പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കൊതുക് നശീകരണം എന്നിവ നടപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതാണ് ഇന്നത്തെ

ഈ സ്ഥിതിയിലേക്കെത്തിച്ചത്.” ഇതിനുപുറമേ, പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട സമയത്ത് ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ നിസ്സഹകരണ സമരമുണ്ടായി. തക്കസമയത്ത് ഒത്തുതീർപ്പുണ്ടാക്കി ആവശ്യമായ പ്രിവെന്റീവ് ആക്ഷൻസ് കൈക്കൊള്ളാൻ ഗവൺമെന്റിന് സാധിച്ചില്ല. പനി പടർന്ന് പിടിച്ചുതുടങ്ങിയപ്പോൾ അതിനെ നേരിടാൻ ആശുപത്രികളെ സജ്ജമാക്കുന്നതിൽ ആരോഗ്യ വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടു. ചികിത്സയ്ക്കുള്ള പ്രോട്ടോക്കോൾ തയ്യാറാക്കിയില്ല, മാർഗ്ഗരേഖ തയ്യാറാക്കിയില്ല. അതുകൊണ്ട് ചികിത്സയെ ഏകോപിപ്പിക്കാൻ സാധിച്ചില്ല. മാത്രമല്ല, ആലപ്പുഴ മെഡിക്കൽ കോളേജ് കാമ്പസിൽ പകർച്ചവ്യാധി നേരിടുകയെന്ന ഏക ലക്ഷ്യത്തോടുകൂടി സ്ഥാപിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ സജ്ജമാക്കി നിർത്തേണ്ടതായിരുന്നു. അതിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചില്ല. നിങ്ങൾ 10,000 രൂപ കൊടുത്തുവെന്ന് പറഞ്ഞാൽ അതുകൊണ്ട് എന്താവാനാണ്? അതുതന്നെ ചെലവഴിക്കാൻ കഴിഞ്ഞില്ല. അട്ടപ്പാടിയിൽ പട്ടിണിമൂലവും രോഗം ബാധിച്ചും മരിച്ചവരുടെ കണക്ക് ഇന്നലത്തെ ചർച്ചയിൽ ഇവിടെ വന്നു. ആദിവാസികൾക്ക് സൗജന്യമായി ചികിത്സ കിട്ടുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പൂർണ്ണമായും അവിടെ പരാജയപ്പെട്ടു. ഈ നിലയിൽ കേരളത്തിന്റെ അവസ്ഥ ഗുരുതരമായ സ്ഥിതിയിലെത്തി. പണ്ടെല്ലാം ദാരിദ്ര്യംകൊണ്ട് രോഗം വന്ന് ആളുകൾ മരിച്ചുപോകുന്ന സ്ഥിതിയുണ്ടായിരുന്നു. പക്ഷെ ഇന്ന് രോഗംകൊണ്ട് മനുഷ്യൻ ദരിദ്രരായി തകർന്ന് തരിപ്പണമാകുന്ന അവസ്ഥയിലേക്കാണ് എത്തുന്നത്. മരുന്നുകൾക്കെല്ലാം ബഹുരാഷ്ട്ര കുത്തക കമ്പനികൾ അമിതമായ വിലയീടാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് വിൽക്കുന്ന മിക്ക മരുന്നുകളും ബഹുരാഷ്ട്ര

കമ്പനികളുടേതാണ്. നമ്മുടെ ‘കാരുണ്യ’ എവിടെ; സൗജന്യ മരുന്നുവിതരണമെവിടെ? നമ്മുടെ കാരുണ്യ എവിടെ? സൗജന്യ മരുന്ന് വിതരണം എവിടെ? ലോട്ടറിയിലൂടെ മന്ത്രി മാണി സാറിന്റെ ശബ്ദം കേൾക്കുമ്പോൾ കേൾക്കാൻ മാധുര്യം ഉണ്ട്. എത്ര പേർക്ക് ചികിത്സ കിട്ടുന്നു? എത്ര പേർക്ക് സഹായം കിട്ടുന്നു? പതിനഞ്ചു ലക്ഷമെന്നത് ഇന്നു വരെയുള്ള ഏകദേശ കണക്കാണ്. ഇവിടെ നിരവധി വൈദ്യശാസ്ത്ര വിഭാഗമുണ്ടല്ലോ? അലോപ്പതി മാത്രമല്ല. ഹോമിയോ, ആയുർവേദ, സിദ്ധ ഇവയെല്ലാം കൂട്ടിയിണക്കിക്കൊണ്ട് ഈ സാഹചര്യത്തെ നേരിടാൻ നിങ്ങൾ എന്തു ചെയ്തു. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യ ആശുപത്രികളെ ഈ പ്രവർത്തനത്തിൽ ഏകോപിപ്പിച്ചിരുന്നു. അവർ പനി ക്ലിനിക്കുകൾ തുടങ്ങിയിരുന്നു. സൗജന്യമായി തുടങ്ങാൻ സംവിധാനം ഉണ്ടാക്കിയിരുന്നു. അങ്ങനെ എന്തെങ്കിലും ചെയ്തോ? വ്യാപകമായി ജനങ്ങൾക്ക് ചികിത്സ കിട്ടാൻ എന്തു സംവിധാനം ചെയ്തു? നിലവിലുള്ള ആശുപത്രികളിൽ സംവിധാനം ഇല്ല. വരാന്തകളിൽ പോലും കയറിക്കിടക്കാൻ സൗകര്യമില്ല. രോഗികൾക്ക് കാലുകുത്താൻ ഇടമില്ല. ജനങ്ങൾ പരിഭ്രാന്തിയിലാണ്. അതിന്റെയൊരു ആശങ്ക അതിന്റെ ഉത്കണ്ഠ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വേണ്ടേ? പ്രസംഗത്തിൽ വേണ്ടേ? എല്ലാം ഭദ്രമാണെന്നു പറഞ്ഞാൽ, ഈ അനാസ്ഥ കാണിക്കുന്ന......... ഡോക്ടർമാർക്ക് മറ്റ് ആരോഗ്യ പ്രവർത്തകർക്ക് പുനരാലോചന നടത്തേണ്ട കാര്യമുണ്ടോ? ഒരു പരാതിയും കേരളത്തിലില്ല എന്നു പറയാൻ അങ്ങേയ്ക്കെങ്ങനെ ധൈര്യം വന്നു. കേരളത്തിലെ ജനങ്ങളെ നോക്കി പരിഹസിക്കുകയല്ലേ നിങ്ങൾ ചെയ്തത്. യഥാർത്ഥത്തിൽ കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളെ രോഗത്തിലേക്കും നിരവധി പേരെ മരണത്തിലേക്കും നയിച്ചു കൊണ്ടിരിക്കുന്ന ഈ സർക്കാരിന്റെ പ്രതിനിധി

യായ അങ്ങേയ്ക്കിവിടെ തുടരാൻ അർഹതയില്ല. ധാർമ്മിക ബോധത്തിന്റെ അടിസ്ഥാനത്തിലെങ്കിലും അദ്ദേഹം രാജി പ്രഖ്യാപിക്കേണ്ടതാണ്. അടിയന്തര മായി ഈ സാഹചര്യത്തെ നേരിടാൻ ആരോഗ്യ വകുപ്പ് മാത്രം വിചാരിച്ചാൽ നടക്കില്ല. കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടണം. മിലട്ടറിയുടെ സഹായം തേടണം. കിട്ടാവുന്ന എല്ലാ സംവിധാനത്തെയും കൊണ്ടു വരാൻ ശ്രമിക്കണം. അങ്ങനെയൊരു ഏകോപിച്ച പ്രവർത്തനത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുക്കണം. ജനകീയ പ്രസ്ഥാനമായി മാലിന്യ നിർമ്മാർജ്ജനത്തെയെടുക്കണം. അതിന് കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളെയും സാമൂഹ്യ സംഘടനകളെയും ഏകോപിപ്പിക്കണം. ബഹുമാന പ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുക്കണം. പ്രതിപക്ഷത്തെ വിശ്വാസത്തിലെടു ക്കണം. എല്ലാ കാര്യങ്ങളും ചെയ്തു കഴിഞ്ഞു എന്ന് മന്ത്രി പ്രഖ്യാപനത്തിന് നിന്നാൽ ഈ കേരളം തകർന്ന് തരിപ്പണമായി പോകും. ഈ ഗൗരവമായ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ശ്രീ. എളമരം കരീം ചൂണ്ടികാണിച്ച ഈ കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തോടു കൂടി തന്നെയാണ് എടുക്കുന്നത്. ഗവൺമെന്റ് എടുത്ത നടപടികളെക്കുറിച്ച് വിശദീകരിക്കുകയാണ് ഞാൻ ചെയ്തത്. ഡോക്ടർമാരുടെ നിയമനത്തെക്കുറിച്ച് പറഞ്ഞപ്പോൾ.... നമ്മുടെ സംസ്ഥാനത്തിലെ ആരോഗ്യ വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ എന്നു പറയുന്നത് 1961 ലേതാണ്. ഈ ഗവൺമെന്റ് വന്ന് ഘട്ടം ഘട്ടമായി ആ സ്റ്റാഫ് പാറ്റേൺ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി 850 ഓളം ഡോക്ടർമാരെ നിയമിച്ചു. ഏകദേശം എഴുപതോളം

അസിസ്റ്റന്റ് സർജൻമാരുടെ വേക്കൻസിയാണുള്ളത്. ഇവിടെ വായിച്ച വേക്കൻസികൾ യഥാർത്ഥത്തിൽ അവിടെയുള്ള വേക്കൻസിയാണ്. തൊള്ളായിരത്തി ശിഷ്ടം ഡോക്ടർമാരെ അവിടെ നിയമിക്കാൻ ഗവൺമെന്റ് നടപടി എടുത്തിട്ടുമുണ്ട് നിയമിച്ചിട്ടുമുണ്ട്. 50 ഒ.പി വരുന്ന ഒരു സ്ഥലത്ത് പനി വരുമ്പോൾ 500 പേർ വരും. ഡോക്ടർമാരുടെ കുറവുണ്ടാകും. അങ്ങനെ വരുന്ന സ്ഥലത്തെല്ലാം ഡോക്ടർമാരെ കൊടുക്കുന്നുണ്ട്. സാങ്ഷൻഡ് സ്ട്രങ്ത്തിനകത്ത് ഡോക്ടർമാരുണ്ട്.. ഞാൻ നേരത്തെ പറഞ്ഞത് 70 വേക്കൻസികളാണ് കേരളത്തിലുള്ളതെന്നാണ്. ഞാൻ അതിനെ ന്യായീകരിക്കുന്നതല്ല, ആവശ്യങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഏകദേശം 975 എൻ.ആർ.എച്ച്.എം. ഡോക്ടർമാരുണ്ട്. കാസർഗോഡ് ജില്ലയിൽ 44 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുണ്ട്. പി.എസ്.സി ലിസ്റ്റിലുള്ള ഡോക്ടർമാരെ മുഴുവൻ പോസ്റ്റ് ചെയ്താലും ഡോക്ടർമാർ അവിടെ പോകില്ല. അതിനാൽ 44 എൻ.ആർ.എച്ച്.എം ഡോക്ടർമാരെ അവിടെ നിയമിച്ചിട്ടുണ്ട്. പി.ജി-ക്ക് പഠിക്കാൻ പോയ നൂറ്റിയമ്പതോളം ഡോക്ടർമാർ ഈ ജൂൺ മാസം തിരിച്ചു വരുന്നുണ്ട്. അവരെ പോസ്റ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള വേക്കൻസികൾ മാത്രമാണ് ചില ജില്ലകളിൽ ഉള്ളത്. പനിയുടെ സമയത്ത് ഞാൻ അതിനെക്കുറിച്ച് ന്യായീകരിക്കുന്നതല്ല. ഈ ഗവൺമെന്റ് വന്നതിന് ശേഷം 320 പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്ത് ഡോക്ടർമാരെ നിയമിച്ചു. ഏകദേശം 916 സ്റ്റാഫ് നേഴ്സിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്ത് അവരെ മുഴുവൻ നിയമിച്ചു. നിയമനം നടക്കാത്ത സ്ഥലങ്ങളിൽ പി.എസ്.സിക്കെഴുതിയിട്ടുണ്ട്. ബോണ്ട് വ്യവസ്ഥയിൽ

നിയമിച്ചു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യവും അതിനു മുൻപുമൊക്കെ പനി വന്നു. ആ സമയത്ത് നമ്മൾ നിയമിച്ച ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ അങ്ങനെയുള്ള 1902 പേരുടെ കാലാവധി ജൂണിൽ തീരുകയാണ്. അവരുടെ കാലാവധി നാലു മാസം കൂടി എക്സ്റ്റന്റ് ചെയ്തു കൊടുത്തു. നാലു കോടി രൂപ അവർക്ക് ശമ്പളം കൊടുക്കുന്നതിനും ഗവൺമെന്റ് അനുവദിച്ചു. അതുപോലെ തന്നെ ഡെങ്കി ഫീവർ വന്ന പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ ഡി.എം.ഒ മാർ ആവശ്യപ്പെട്ടതനുസരിച്ച് 269 ജീവനക്കാരെ കൂടുതലായി മെഡിക്കൽ കേളേജുകളിലും നിയമിക്കാൻ തീരുമാനിച്ചു. 2 കോടി രൂപ അതിന് അനുവദിച്ചു. അതുപോലെ തന്നെ തിരുവനന്തപുരം, പത്തനംതിട്ട ജില്ലയിലെ പി.എച്ച് ലാബിൽ 90 ജീവനക്കാരെ അധികമായി നിയമിച്ചു. മെഡിക്കൽ കോളേജുകളിലെ അടിയന്തര ആവശ്യങ്ങൾ, അതായത് കൂടുതലായി രോഗികൾ വരുമ്പോൾ അവരുടെ ബ്ലഡ് പ്രഷർ നോക്കുന്നതിനും അതുപോലെയുള്ള അടിയന്തര കാര്യങ്ങൾ ചെയ്യുന്നതിന് എക്യുപ്മെന്റ് വാങ്ങുന്നതിന് ഒരു കോടി രൂപ അഡീഷണലായി ഡി. എം. ഇ ആവശ്യപ്പെട്ടതനുസരിച്ച് നമ്മൾ അനുവദിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അടിയന്തര സാഹചര്യം നേരിടുന്നതിന് വേണ്ടി ആവശ്യമായ തുക, ഏഴ് ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ അടിയന്തര ഘട്ടത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം തന്നെ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയാണ്. ഞാൻ ജനറൽ ആശുപത്രിയിൽ പത്രമാധ്യമങ്ങളെയും വിളിച്ചുകൊണ്ട് പോയതല്ല. ഞാൻ പോയതറിഞ്ഞ് അവർ വന്നതാണ്. ഞാൻ അവിടെ പോയത് മെഡിക്കൽ കോളേജിൽ തലേ

ദിവസം ഉണ്ടായ കാര്യങ്ങൾ ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്ത് മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ കൂടുതലായി ഒരുക്കുന്നതോടൊപ്പം ജനറൽ ഹോസ്പിറ്റലിൽ 200 ബെഡ്ഡുള്ള പുതിയ ബിൽഡിംഗ് ഉദ്ഘാടനം ചെയ്തു. അത് നോക്കുന്നതിന് ഞാൻ അവിടെ പോയി. പിറ്റേ ദിവസം കൂടുതൽ ആളുകൾ ചികിത്സക്കായി തിരുവനന്തപുരത്തേക്ക് റഫർ ചെയ്ത് വന്നാൽ അവർക്കു വേണ്ടി മൂന്ന് വാർഡുകൾ തുടങ്ങി. ആ മൂന്നു വാർഡുകളിലും ആളുകളെ ഉൾക്കൊള്ളാൻ കഴിയാതെ വന്നാൽ ഒരു എമർജൻസി എന്ന രീതിയിൽ ജനറൽ ഹോസ്പിറ്റലിൽ ഉദ്ഘാടനം ചെയ്ത സർജിക്കൽ ബ്ലോക്ക് ഇതിനായി വിനിയോഗിക്കുന്നതിന് കഴിയുമോയെന്ന് നോക്കുവാൻ പോയതാണ്. അത്തരത്തിൽ വാർത്തകൾ വരുന്നത് ദൗർഭാഗ്യകരമാണ്. പത്രമാധ്യമങ്ങളിലെ വാർത്തകൾ കണ്ടുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ് അത് ചെയ്യുന്നുമുണ്ട്. മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നേരിട്ട് വിലയിരുത്തി ഗവൺമെന്റ് ചെയ്യുന്നുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സർക്കാരിന്റെ കണക്കു പ്രകാരം പനി ബാധിച്ച് എത്ര ആളുകൾ മരിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, സർക്കാരിന്റെ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ **9,94,118** ആളുകൾക്ക് പനി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം **7,45,775** പേർക്ക് പനി ബാധിച്ചിട്ടുണ്ട്. **2010** ൽ **8,56,007** പേർക്ക് പനി ബാധിച്ചിട്ടുണ്ട്. ഈ പ്രവശ്യം 100 ശതമാനവും റിപ്പോർട്ടിംഗ് നടക്കുന്നുണ്ട് എല്ലാ പ്രൈവറ്റ് ആശുപത്രികളടക്കമുള്ള പനി ബാധിതരുടെ

കണക്ക് ഓരോ ദിവസവും കിട്ടുന്നുണ്ട്. കറക്റ്റായ കണക്കുകൾ എടുക്കുന്നത് ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിലേക്കാണ്. 140 ആളുകൾ ജനുവരി മുതൽ ജൂൺ 10 വരെ വിവിധ പനികൾ ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. അത് വളരെ ഗൗരവത്തോടെ ഗവൺമെന്റ് കാണുന്നു. ഒരു മരണം സംഭവിക്കുന്നതും ഏറ്റവും ദു:ഖകരമാണ്. ഈ വർഷം അത് മുന്നിൽ കണ്ടു കൊണ്ട് തന്നെ വളരെ ഇഫക്റ്റീവായ നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അങ്ങ് പറഞ്ഞ 140 എന്ന മരണ സംഖ്യയുടെ കണക്ക് വാദത്തിനുവേണ്ടി അംഗീകരിക്കാമെങ്കിലും, ഈ കുടുംബങ്ങൾക്ക് എന്തു നഷ്ടപരിഹാരമാണ് ഈ ഗവൺമെന്റ് നൽകിയത് എന്നു പറയാമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, മറ്റു മരണങ്ങളുടെ കണക്ക് പറയാം. ഗവൺമെന്റിന് ഇക്കാര്യം ഒളിച്ചുവയ്ക്കേണ്ട കാര്യമില്ല. അതുകൊണ്ടു തന്നെയാണ് 75% മാത്രം റിപ്പോർട്ടിംഗ് നടന്നിരുന്ന കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ 100% റിപ്പോർട്ടിംഗാണ് നടക്കുന്നത്. പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ നടക്കുന്ന മരണത്തിന്റെ കണക്കുകളും അവിടെ അഡ്മിറ്റ് ചെയ്തിരിക്കുന്ന രോഗികൾ, അതിനുള്ള സോഴ്സ് ഇതെല്ലാം കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൺഫേംഡ് ഡെത്ത് (ഡെങ്കി) - 11, സസ്പെക്ടഡ് ഡെത്ത്- 72, ജൂൺ 10 വരെ ഒരു വർഷക്കാലം ഡെങ്കിപ്പനിമൂലം ആകെ 83 പേർ മരണപ്പെട്ടിട്ടുണ്ട്. എലിപ്പനി ബാധിച്ച് 51 പേർ മരണപ്പെട്ടിട്ടുണ്ട്. എച്ച്1എൻ1 മൂലം ഒരു മരണം സംഭവിച്ചിട്ടുണ്ട്..... (ബഹളം).... ജനറൽ ഹോസ്പിറ്റലിൽ പോയി അവിടെ........, (ബഹളം).......

മി. സ്പീക്കർ: പ്രതിപക്ഷ നേതാവിന്റെ ചോദ്യം തള്ളിക്കളഞ്ഞതല്ല, അദ്ദേഹം പറയും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അതിന്റെ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്ന സന്ദർഭത്തിൽ പറയും. ഞാൻ അത് പറയേണ്ട ആളല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ച ചോദ്യത്തിന് മറുപടി ഞാൻ സംസാരിച്ചതിനുശേഷം മുഖ്യമന്ത്രി പറയും......(ബഹളം)...... ഇതുമായി ബന്ധപ്പെട്ട് നടത്തിയ നടപടികൾ വിശദീകരിക്കാൻ അനുവദിക്കണം. എല്ലാ ആശുപത്രികളിലും കൂടുതൽ പനിവാർഡുകൾ തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 3 പനിവാർഡുകൾ കൂടുതലായി തുടങ്ങി. അവിടെ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം.......(ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ പറയാൻ അനുവദിക്കണം......(ബഹളം).....

മി. സ്പീക്കർ: ഒരു സംഭവമുണ്ടായാൽ ഗവൺമെന്റ് എടുക്കുന്ന നടപടി കളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. അദ്ദേഹം സംസാരിക്കട്ടെ...., ആരോഗ്യ വകുപ്പുമന്ത്രിയല്ലേ സംസാരിക്കുന്നത്? ....(ബഹളം).....പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിന് മറുപടി വരും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന് മറുപടി പറയും. ഞാനല്ല അതിന് മറുപടി പറയേണ്ടത്. ആശുപത്രികളിൽ മരുന്നില്ല എന്ന് ശ്രീ. എളമരീം കരീം സംസാരിച്ചപ്പോൾ പറഞ്ഞു. ഏത് ആശുപത്രിയാലാണ് മരുന്നില്ലാത്തത്? 3 മാസത്തേയ്ക്കുള്ള മരുന്നുകൾ ഗവൺമെന്റിന്റെ കൈയിൽ സ്റ്റോക്കുണ്ട്. മാർച്ച് മാസത്തിൽ

തന്നെ എസൻഷ്യൽ ഡ്രഗ് ലിസ്റ്റിലെ മരുന്നുകളുടെ ലിസ്റ്റ് നൽകി ആവശ്യമുള്ള മുഴുവൻ മരുന്നുകളും കേരളത്തിലെ എല്ലാ ആശുപത്രികളിലും നൽകിയിട്ടുണ്ട്. പ്രസംഗിക്കുന്നതിലേയ്ക്കുവേണ്ടി തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനകൾ ഇറക്കരുത്. ഡോക്ടർമാരും മരുന്നുകളും എല്ലാ ആശുപത്രികളിലുമുണ്ട്....(ബഹളം)....

മി. സ്പീക്കർ: ഒരു മന്ത്രി മറുപടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി അവസാനം ഇടപെടും....പ്ലീസ്...., ബഹുമാനപ്പെട്ട മന്ത്രി പെട്ടെന്ന് വൈൻഡ് അപ് ചെയ്യണം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഒന്നും ചെയ്തില്ല എന്ന് അടിയന്തര പ്രമേയത്തിൽ പറയുമ്പോൾ അത് വിശദീകരിക്കണ്ടേ? എല്ലാ ആശുപത്രികളിലും പനിവാർഡുകൾ തുടങ്ങാൻ അനുമതി കൊടുത്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഡെഡിക്കേറ്റഡ് വാർഡുകൾ തുടങ്ങിയിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി എല്ലാ ആശുപത്രികളിലും ഈവനിംഗ് ഒ.പി. ആരംഭിച്ചു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതിനു മുമ്പേ ആരോഗ്യ വകുപ്പുമന്ത്രിയുടെ ഒരു വിശദീകരണം, അടിയന്തര പ്രമേയം അവതരിപ്പിച്ചതിനുശേഷം വീണ്ടും ആരോഗ്യ വകുപ്പുമന്ത്രിയുടെ വിശദീകരണം. ഇനിയും എത്രനേരം കേട്ടതിനുശേഷമാണ് മുഖ്യമന്ത്രിയുടെ വിശദീകരണം കേൾക്കാനിരിക്കുന്നത്. അതിനും ഞങ്ങൾ സന്നദ്ധമാണ്.

മി. സ്പീക്കർ: പ്ലീസ്..., മുഖ്യമന്ത്രി മറുപടി പറയണ്ടേ. ദയവു ചെയ്ത് സീറ്റിൽ ചെന്നിരിക്കണം. ഇവിടെ ഇങ്ങനെ നിന്നാൽ മുഖ്യമന്ത്രി സംസാരിക്കില്ല. സീറ്റിൽ ചെന്നിരുന്നാൽ മുഖ്യമന്ത്രി സംസാരിക്കും. ബഹുമാനപ്പെട്ട

മന്ത്രി ഇപ്പോൾ വൈൻഡ് അപ് ചെയ്യും.....(ബഹളം).....ബഹുമാനപ്പെട്ട മന്ത്രി, അടിയന്തരപ്രമേയത്തിന് അവതരണാനുമതി ചോദിച്ചുകൊണ്ടുള്ള ശ്രീ. എളമരം കരീമിന്റെ പ്രസംഗത്തിനു മുമ്പുതന്നെ അങ്ങ് കുറച്ചു കാര്യങ്ങൾ പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇനി കാര്യങ്ങൾ പെട്ടെന്ന് വൈൻഡ് അപ് ചെയ്യുക. അതിനുശേഷം മുഖ്യ മന്ത്രി സംസാരിക്കും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പനി വന്നാൽ ചികിത്സിക്കുന്നതിനു വേണ്ടി ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ എല്ലാ ആശുപത്രികളിലും ഒരു ക്കിയിട്ടുണ്ട്. ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലാബ് സൗകര്യങ്ങൾ 24 മണിക്കൂറാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയി ട്ടുണ്ട്. ലാബിലെ ഫീസ് മുഴുവൻ ഒഴിവാക്കിയിട്ടുണ്ട്. ഈ പനി നേരിടുന്നതി നുവേണ്ടി മനുഷ്യസാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് എടുത്തുകൊ ണ്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഇക്കാര്യ ങ്ങൾ ഓരോ ദിവസവും മോണിറ്റർ ചെയ്യുന്നുണ്ട്. എന്റെ ഓഫീസിൽ തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സെല്ലുണ്ട്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഈ സെൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ ബ്ലോക്കിലെ ആശുപ ത്രികളിലും ഇതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടായാൽ ആ സ്ഥലത്ത് എത്തി ച്ചേർന്ന് അതിലേയ്ക്കു വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഞാൻ 8 ജില്ലകളിൽ നേരിട്ടുപോയി, പ്രൈമറി തലത്തിലുള്ള ഡോക്ടർമാരെ വിളിച്ചുചേർത്ത് ആ ജില്ലകളിലെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി അവലോകനങ്ങൾ നടത്തുകയും

പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്, പ്രത്യേകിച്ച് ഈ രോഗങ്ങൾ പടർന്നു പിടിച്ചിട്ടുള്ള സ്ഥലങ്ങളിൽ. എന്തായാലും ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഡോക്ടർമാരുണ്ട്, മരുന്നുകളുണ്ട്, എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുമുണ്ട്. ഓരോ എം.എൽ.എ.-മാരോടും അവരുടെ നിയോജകമണ്ഡലങ്ങളിൽ യോഗം വിളിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഒരു പരാതിയും ഒരു സ്ഥലത്തു നിന്നും കിട്ടിയിട്ടില്ല. ഏതെങ്കിലും ആശുപത്രികളെക്കുറിച്ച് പരാതിയുണ്ടെന്ന് എം.എൽ.എ.-മാർ നിർദ്ദേശിച്ചാൽ ആ ആശുപത്രികൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് ആരോഗ്യ വകുപ്പ് തയ്യാറാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ഗവൺമെന്റ് എടുത്ത നടപടികളെക്കുറിച്ച് വിശദീകരിച്ചു. ശ്രീ. എളമരം കരീം ഇവിടെ പ്രസംഗിച്ച സമയത്ത് ഞങ്ങളെല്ലാവരും വളരെ നിശ്ശബ്ദമായി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ആരോഗ്യ വകുപ്പുമന്ത്രി എടുത്ത നടപടികൾ കേട്ടതിനുശേഷം അതിനോട് പ്രതികരിക്കുകയെന്നുള്ളതായിരുന്നു ജനാധിപത്യ മര്യാദ. അത് നിങ്ങൾ ചെയ്തില്ല. എനിക്ക് നിങ്ങളോട് ഒരുകാര്യം മാത്രമേ പറയാനുള്ളൂ. പകർച്ച പനി കേരളത്തിൽ പൊട്ടിപുറപ്പെടുന്നതിന് ദിവസങ്ങൾക്ക് മുമ്പുതന്നെ ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരെയെല്ലാം വിളിച്ച് കരുതൽ നടപടികളെ കുറിച്ച് ചർച്ച ചെയ്തിരുന്നു. ഒന്ന്, പ്രതിരോധ നടപടികൾ. രണ്ട്, പനി വന്നാൽ അവർക്ക് കൊടുക്കേണ്ട ചികിത്സയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ആ യോഗത്തിൽ ഗവൺമെന്റ് വ്യക്തമായി പറഞ്ഞ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, പബ്ലിക് ഹെൽത്ത് സെന്ററുകൾ വരെ ആവശ്യത്തിനുള്ള മരുന്നുകൾ

ഉണ്ടായിരിക്കണം. രണ്ട്, സാങ്ഷൻഡ് സ്ട്രെങ്ത്ത് പി.എച്ച്.സി. വരെയുള്ള സ്ഥലങ്ങളിൽ ഉണ്ടാകണമെന്ന് പറഞ്ഞു. പനി തുടങ്ങിയതിനുശേഷം സാങ്ഷൻഡ് സ്ട്രെങ്ത്ത് കൂടുതൽ എവിടെയൊക്കെ വേണമെന്നുള്ളത് സംബന്ധിച്ചുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്ന് മാസത്തേയ്ക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ അതാത് സ്ഥാപനങ്ങളിൽ എടുക്കുന്നതിനുള്ള അനുമതി നൽകുമെന്ന് പറഞ്ഞു. കേരളത്തിലെ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നിന്നുള്ള പ്രൊപ്പോസലാണ് ആദ്യം കിട്ടിയത്. അഞ്ച് മെഡിക്കൽ കോളേജുകളിലും സാങ്ഷൻഡ് സ്ട്രെങ്ത്തിന് പുറമേ ആവശ്യാനുസരണം ഡോക്ടർമാരെയും നഴ്സുമാരെയും ലാബ് അസിസ്റ്റന്റുമാരേയും എടുക്കാൻ ഞങ്ങൾ അനുമതി കൊടുത്തു. അതനുസരിച്ച് മെഡിക്കൽ കോളേജുകളിൽ സ്റ്റാഫിനെ എടുത്തു. ശ്രീ. കെ. സുരേഷ് കുറുപ്പ് കോട്ടയം മെഡിക്കൽ കോളേജിനെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. ആണ്. അദ്ദേഹം എന്നെ വിളിച്ചിട്ട് ഗവൺമെന്റിന്റെ തീരുമാനം നടപ്പിലായില്ലായെന്ന് പറഞ്ഞു. ഞാൻ ഉടനെത്തന്നെ ഇടപെടുകയും ഇവിടെ നിന്ന് ഓർഡർ പോയോയെന്ന് അറിയാൻ മെഡിക്കൽ കോളേജിലേക്ക് വിളിക്കുകയും ചെയ്തു. അതനുസരിച്ച് അഡീഷണലായിട്ട് സ്റ്റാഫ് ഉൾപ്പെടെയുള്ള ആളുകളെ മെഡിക്കൽ കോളേജിൽ നിയമിച്ചു. എല്ലാ ജില്ലകളിലും ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ദിവസവുമുള്ള ഒ.പി.യുടെ അടിസ്ഥാനത്തിലും ഐ.പി.ലേക്ക് വരുന്ന രോഗികളുടെ അടിസ്ഥാനത്തിലും കൂടുതൽ സ്റ്റാഫിനെ വേണമെങ്കിൽ റെക്കമെന്റ് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. എനിക്ക് ഈ സഭയിൽ എല്ലാ എം.എൽ.എ.മാരോടും അഭ്യർത്ഥിക്കാനുള്ളത്..... ഇന്ന് എല്ലാ തരത്തിലുമുള്ള കമ്മ്യൂണിക്കേഷൻ സിസ്റ്റവുമുണ്ട്. നിങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ വിളിച്ച്

സാങ്ഷൻഡ് സ്ട്രെങ്ത്ത് ഡോക്ടർമാർ, നഴ്സ്, ലാബ് അസിസ്റ്റൻസ് ഈ മൂന്ന് കാറ്റഗറിയിൽപ്പെട്ട ഏതെങ്കിലും വേക്കൻസിയുണ്ടെങ്കിൽ..............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ സാങ്ഷൻഡ് സ്ട്രെങ്ത്തിലുള്ള ആറ് ഡോക്ടർമാരില്ല. അവരെ വേറെ സ്ഥലത്തേയ്ക്ക് മാറ്റിയിരിക്കുകയാണ്. മണ്ഡലത്തിൽ എം.എൽ.എ. മാരുടെ കോൺഫറൻസ് നടത്തിയപ്പോൾ പറഞ്ഞിട്ടും ഒരു ഫലവുമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ വിഷയം സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇനി എഴുതി തരേണ്ട ആവശ്യമില്ല, ഞാൻ എഴുതി തന്നതായി കണക്കാക്കുന്നു. സാങ്ഷൻഡ് സ്ട്രെങ്ത്തിൽ ഈ മൂന്ന് കാറ്റഗറിയിൽപ്പെട്ട ആളുകളുടെ കുറവുണ്ടെങ്കിൽ അടിയന്തരമായി അവിടെ ത്തന്നെ സ്റ്റാഫിനെ എടുക്കാനുള്ള അനുമതി ഇന്നുതന്നെ കൊടുക്കുന്നതാണ്. എവിടെയെങ്കിലും മരുന്ന് കുറവുണ്ടോയെന്ന കാര്യം സംബന്ധിച്ച് എല്ലാ ദിവസവും ചോദിച്ചുകൊണ്ടിരിക്കുകയാണ്. മരുന്നും ഈ മൂന്ന് കാറ്റഗറിയിൽപ്പെട്ട സ്റ്റാഫും ഇല്ലെന്നുപറഞ്ഞാൽ ഇന്നുതന്നെ തീരുമാനമെടുത്ത് കാര്യങ്ങൾ ചെയ്യുന്നതാണ്. എല്ലാ എം.എൽ.എ.മാരോടും അതാത് നിയോജകമണ്ഡലങ്ങളിൽ കോൺഫറൻസ് വിളിച്ചുകൂട്ടി അവിടത്തെ അറേഞ്ചുമെന്റ്സിനെ കുറിച്ച് ചർച്ച ചെയ്യാൻ പറഞ്ഞു. എത്ര നിയോജകമണ്ഡലങ്ങളിൽ നടന്നുവെന്നത് സംബന്ധിച്ച് എനിക്കറിയില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞങ്ങൾ ചെയ്യേണ്ടതെല്ലാം ചെയ്യുന്നുണ്ട്. മട്ടന്നൂരിൽ എട്ട് ഡോക്ടർമാരുടെ കുറവുണ്ട്. ഇതുസംബന്ധിച്ച് കടലാസ് അയച്ചിട്ട് ഒരു നടപടിയും ഉണ്ടായില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ എന്റെ നിയോജക മണ്ഡലത്തിൽ കോൺഫറൻസ് വിളിച്ച് കൂട്ടി. എല്ലായിടത്തും ആവശ്യങ്ങൾ വരും. ജനപ്രതി

നിധികളും ഉദ്യോഗസ്ഥരും നിൽക്കുമ്പോൾ ജനപ്രതിനിധികൾ അവരുടെ ആവശ്യങ്ങൾ പറയും ഉദ്യോഗസ്ഥന്മാർ അവരുടെ പിരിമിതികൾ പറയും. ഇതിനിടയ്ക്കാണ് നമുക്ക് തീരുമാനം എടുക്കേണ്ടത്. എന്റെ മണ്ഡലത്തിൽ ഫോഗിംങ് മെഷീൻ ഇല്ലായെന്ന് പറഞ്ഞു. ഞാൻ ഉടനെത്തന്നെ എം.എൽ.എ. ഫണ്ടിൽ നിന്ന് അഞ്ച് ലക്ഷം രൂപ എഴുതി കൊടുത്തു. ഡി.എം.ഒ. അത് വാങ്ങാനുള്ള ഏർപ്പാട് ചെയ്തു. അത് ഒരു ഗവൺമെന്റ് ആശുപത്രിയുടെ നിയന്ത്രണത്തിൽ വച്ചുകൊണ്ട്................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വാർഡ് തലത്തിൽ 25,000 രൂപ കൊടുക്കുമെന്ന് പറഞ്ഞിട്ട് എൻ.ആർ.എച്ച്.എം. മാത്രമാണ് 10000 രൂപ കൊടുത്തത്. ശുചിത്വമിഷന്റെ പൈസ കൊടുത്തിട്ടില്ല. ഒരിടത്തും ആ തുക കിട്ടിയതായി റിപ്പോർട്ടില്ല. വാർഡുകളിൽ ശുചിത്വ പ്രവർത്തനം നടത്താൻ 25000 രൂപ കൊടുക്കുമെന്ന് പറഞ്ഞാൽ കൊടുക്കണ്ടേ? പ്രഖ്യാപിച്ച കാര്യ ങ്ങൾ നടക്കുന്നില്ലായെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്. എന്റെ മണ്ഡലത്തിൽ ഒരു സ്ഥലത്തും ശുചിത്വ മിഷന്റെ പൈസ കിട്ടിയിട്ടില്ല. ഞാൻ കോൺഫറൻസ് നടത്തിയതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പതിനായിരം രൂപ വച്ച് എൻ.ആർ.എച്ച്.എം. കൊടുത്തു. 5000 രൂപ permissive sanction കൊടുത്തിട്ടുണ്ട്. ശുചിത്വമിഷൻ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും കൊടുത്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരി മുനിസിപ്പാലിറ്റിയിൽ കിട്ടിയിട്ടില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഏതെങ്കിലും ഒറ്റപ്പെട്ട മുനിസിപ്പാലിറ്റിയിൽ

മാത്രമേ കിട്ടാത്തഅവസ്ഥ ഉണ്ടാവുകയുള്ളൂ. പക്ഷേ കേരളത്തിലെ എല്ലാ സ്ഥലത്തും കൊടുത്തിട്ടുണ്ട്. അത് കളക്റ്റ് ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയും ഒരു മുനിസിപ്പാലിറ്റിയാണെന്ന് ശ്രീ. മഞ്ഞളാംകുഴി അലി മനസ്സിലാക്കണം. തലശ്ശേരിയിൽ മാത്രമല്ല കരുനാഗപ്പള്ളിയിലും കിട്ടിയിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഏതെങ്കിലും 1-2 മുനിസിപ്പാലിറ്റിയിൽ കിട്ടിയിട്ടുണ്ടാകില്ല. സാധാരണഗതിയിൽ മുനിസിപ്പാലിറ്റിയിൽ ഇഷ്യൂ ചെയ്തിട്ടുണ്ട്. ശുചിത്വ മിഷന്റെ ജില്ലാ ഓഫീസിൽ പോയി വാങ്ങണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മന്ത്രി ഉത്തരവിട്ടത്, ജില്ലാ ഓഫീസിൽ പോയി വാങ്ങണമെന്ന് പറഞ്ഞാൽ അത് ഈ സഭയിൽ പറയേണ്ട മറുപടിയാണോ? ജില്ലാ ഓഫീസിൽ പോയി വാങ്ങുന്നതാണോ എം.എൽ.എ.മാരുടെ പണി?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ.യോടല്ല ജില്ലാ ഓഫീസിൽ പോയി വാങ്ങാൻ പറഞ്ഞത്. മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥന്മാരാണ് പോയി വാങ്ങുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾ അനുഭവം പറഞ്ഞാൽ ഇങ്ങനെ യാണോ മന്ത്രിമാർ മറുപടി പറയേണ്ടത്. ഇതാണോ ജനാധിപത്യം? ഞങ്ങൾ ജില്ലാ ഓഫീസിൽ പോകണം, അവിടെ കൊടുത്തിട്ടുണ്ട്, ഒറ്റപ്പെട്ട സംഭവമാണ് ഇങ്ങനെയാണോ പറയേണ്ടത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. സി. ദിവാകരൻ, അങ്ങനെ തെറ്റിദ്ധരിക്കരുത്. ശുചിത്വമിഷനിൽ നിന്ന് മുനിസിപ്പാലിറ്റിയിലെ ഉദ്യോഗ സ്ഥർ ചെന്ന് വാങ്ങണമെന്നാണ് പറഞ്ഞത്. എം.എൽ.എ.മാർ ചെന്ന് വാങ്ങ

ണമെന്നല്ല പറഞ്ഞത്. അങ്ങനെ പറഞ്ഞിട്ടേയില്ല. ശുചിത്വമിഷനിൽ നിന്ന് മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനിലേക്കും അലൗട്ട് ചെയ്തിട്ടുണ്ട്. ചില മുനിസിപ്പാലിറ്റികളിൽ കിട്ടിയിട്ടില്ലായെന്ന് ഇവിടെ പറഞ്ഞ സ്ഥിതിക്ക് തീർച്ചയായും അത് പരിശോധിക്കും. അതിന്റെ കാര്യങ്ങൾ ചെയ്യും. പഞ്ചായത്തിൽ കൊടുക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞു. അത് കിട്ടും.

ഡോ. ടി. എം. തോമസ് ഐസക്: സർ, മൺസൂൺ ആരംഭിച്ച് രണ്ടാഴ്ച കഴിഞ്ഞതിനുശേഷമാണ് ചർച്ച ചെയ്യുന്നത്. എന്റെ മണ്ഡലത്തിൽ റിവ്യൂ എടുത്തപ്പോൾ കണ്ടത്, ഒന്ന്, എൻ.ആർ.എച്ച്.എം. ഫണ്ട് എത്തിയെന്നുള്ളത് പല പഞ്ചായത്ത് പ്രസിഡന്റുമാർക്കും അറിയില്ല. കാരണം വാർഡ് സാനിട്ടേഷൻ സമിതിക്ക് നേരിട്ട് പോവുകയാണ്. രണ്ട്, ശുചിത്വമിഷന്റെ ഇംപ്ലിമെന്റേഷൻ ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയാണ്. എന്തുകൊണ്ട് വാർഡ് സാനിട്ടേഷൻ സമിതിയുടെ പരിധിയിലാക്കാൻ കഴിയുന്നില്ല. ഒരു പഞ്ചായത്തിലും എത്തിയിട്ടില്ല. പൊഴിയെല്ലാം മുറിക്കാനായി ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ഉണ്ടാക്കാൻ ഞാൻ കളക്ടറോട് പറഞ്ഞു. അദ്ദേഹം ഒരു ലക്ഷം രൂപയാണ് ചെലവാക്കാൻ കൊടുത്തിരിക്കുന്നത്. ഇന്നലെയാണ് പത്ത് ലക്ഷം രൂപ കിട്ടിയെന്ന് പറയുന്നത്. പ്രാരംഭമായിട്ട് പ്രീ-മൺസൂൺ കാലത്ത് ചെയ്യേണ്ട കാര്യങ്ങൾ മൺസൂൺ ആരംഭിച്ച് രണ്ടാഴ്ച കഴിഞ്ഞിട്ടും ഞങ്ങൾ യോഗം വിളിക്കുമ്പോൾ ചെയ്യാൻ പറ്റാത്ത അവസ്ഥാ വിശേഷമാണ്. എന്താണ് ഇതുസംബന്ധിച്ച് പറയാനുള്ളത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ആലപ്പുഴയിൽ ശ്രീ. അനൂപ് ജേക്കബ് വിളിച്ചുചേർത്ത ജില്ലാതല യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. അവിടെ ഉദ്യോഗസ്ഥന്മാർ ഡോ. തോമസ് ഐസക്കിന്റെ മണ്ഡലത്തിന്റെ കാര്യം പറഞ്ഞു. ഇതിനകത്ത് എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് വാർഡ് സാനിറ്റേഷൻ

സമിതിക്ക്......(ബഹളം)......ഞാൻ എം.എൽ.എ. അല്ലേ. പ്രതിപക്ഷത്തിന് മാത്രമേ കാര്യങ്ങൾ പറയാനുള്ള അവകാശമുള്ളോ? ഇത് മുനിസിപ്പൽ സെക്രട്ടറിക്കോ പഞ്ചായത്ത് സെക്രട്ടറിക്കോ നേരിട്ട് കിട്ടുകയാണ്. രണ്ടിലും അഭിപ്രായ വ്യത്യാസമുണ്ട്. ഒരിടത്ത് പറയുന്നു സാനിട്ടേഷൻ സമിതിക്ക് കിട്ടുന്നുവെന്നും വേറെയൊരിടത്ത് പറയുന്നത് പഞ്ചായത്ത് അറിയുന്നില്ലാ യെന്നാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ തന്നെ രണ്ട് പ്രശ്നവും ഉണ്ടായിട്ടുണ്ട്. അദ്ദേഹം വിളിച്ചുചേർത്ത യോഗത്തിൽ തന്നെ രണ്ട് അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടുണ്ട്. അതിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമുണ്ടോ?.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗവൺമെന്റിനെ കുറ്റപ്പെടുത്തേണ്ട കാര്യം എന്താണെന്ന് പറഞ്ഞാൽ, രണ്ടാഴ്ച കഴിഞ്ഞതിന് ശേഷമാണ് ഫണ്ട് എങ്ങനെ ട്രാൻസ്ഫർ ചെയ്യണമെന്നതിനെ കുറിച്ച് ആലോചിക്കുന്നത്. ആ യോഗത്തിൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായിട്ടുള്ള ആര്യാട് പഞ്ചായത്ത് പ്രസിഡന്റാണ് ഏറ്റവും കൂടുതൽ ക്ഷോഭിച്ചത്. ഡി.എം.ഒ.ക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ പി.എച്ച്.സി.യിൽ ഡോക്ടറില്ലാതായിട്ട് ആഴ്ചകൾ കഴിഞ്ഞിരിക്കുകയാണ്. ആശുപത്രി അടച്ചിടണമെന്ന് പറഞ്ഞ് ബോർഡ് വയ്ക്കണമെന്ന് പറഞ്ഞത് ഞാനല്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ആ മീറ്റിംഗിൽ പങ്കെടുത്ത താണ്. ഡോക്ടർ മീറ്റിംഗിന് ഇല്ലായിരുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി മറുപടി പറയുന്ന സമയത്ത് നിങ്ങൾ ഓരോ രുത്തരും എണീറ്റ് നിന്നാൽ എങ്ങനെയാണ് മറുപടി പറയുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, ഒരു മിനിറ്റ്.

മി. സ്പീക്കർ: എല്ലാവർക്കും മൈക്ക് തരാൻ പറ്റില്ല. ഇപ്പോൾ അങ്ങേയ്ക്ക് അനുവദിച്ച സമയം അല്ല. പിന്നെ എങ്ങനെയാണ് മൈക്ക് തരുന്നത്. ഇവിടെ ഭരണകക്ഷിക്ക് പ്രത്യേകം മൈക്കൊന്നും കൊടുക്കാറില്ല. ഏറ്റവും കൂടുതൽ കൊടുക്കുന്നത് പ്രതിപക്ഷത്തിനാണ്. പ്രകോപിപ്പിച്ചാലൊന്നും മൈക്ക് തരില്ല.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഒരു പുതിയ പി.എച്ച്.സി. കുണ്ടറ മണ്ഡലത്തിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ തുടങ്ങി. എന്റെ പി.എച്ച്.സി.യിലെ രണ്ട് ഡോക്ടർമാരെ അവിടെ കൊണ്ടുപോയി. എന്റെ പി.എച്ച്.സി.യിൽ ഇപ്പോൾ ഡോക്ടറില്ല. ഒരു പി.എച്ച്.സി.യിൽ രക്തവും മറ്റും ടെസ്റ്റ് ചെയ്യുന്നതിന് ഒരു ലബോറട്ടറി ആരംഭിച്ചു. അന്വേഷിച്ചപ്പോൾ മറ്റൊരു സി.എച്ച്.സി.യിൽ നിന്നുള്ള ഒരാളാണ് അവിടെ ലാബ് ടെക്നീഷ്യനായി ഇരിക്കുന്നത്. അപ്പോൾ അവിടെ ലാബ് ടെക്നീഷ്യനുമില്ല, ഡോക്ടറുമില്ല.

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത ഒരു അവലോകന യോഗത്തിന്റെ വാർത്ത ഞാൻ കാണുകയുണ്ടായി. പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി വാർഡുകൾക്ക് കൊടുത്ത ഒരു പണം പോലും ചെലവഴിച്ചിട്ടില്ലെന്നുള്ള കാര്യം അങ്ങേയ്ക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങ് വളരെ രോഷാകുലനായി അവിടെ പ്രതികരിക്കുന്നതും ഞാൻ വാർത്തയിൽ കാണുകയുണ്ടായി. 140 ആളുകൾ കേരളത്തിൽ മരണമടഞ്ഞതിനുശേഷമാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗം ആരംഭിച്ചത് എന്തുകൊണ്ട് ഈ മോണിറ്ററിംഗിനെ സംബന്ധിച്ച് നേരത്തെ ആലോചിച്ചില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: പ്രിയപ്പെട്ട ശ്രീ. രാജു എബ്രഹാം, വസ്തുത വസ്തുതയല്ലാതെ ആവില്ല.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ ആളുകൾ മരണമടഞ്ഞത്. കൊതുകിന്റെ ശല്യവും ചവർ ഫാക്ടറി പൂട്ടിയ ശേഷം ഉണ്ടായ സംഭവ വികാസവും ഏറ്റവും കൂടുതലുണ്ടായത് തിരുവനന്തപുരത്താണ്. പുതുപ്പള്ളിയിൽ ഫോഗിംഗ് മെഷീൻ വാങ്ങി കൊടുത്തതുപോലെ തിരുവനന്തപുരത്തെ നൂറ് കോർപ്പറേഷൻ വാർഡുകളിലും ഈരണ്ട് ഫോഗിംഗ് മെഷീൻ വീതം വാങ്ങുന്നതിനുള്ള തീരുമാനമെടുക്കാൻ തയ്യാറുണ്ടോ?

<u>മി. സ്പീക്കർ</u>: എം.എൽ.എ. ഫണ്ടിൽ നിന്നാണ് അത് വാങ്ങി കൊടുത്തത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, 140 ആളുകൾ മരിച്ചതിനുശേഷമാണ് ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗം ആരംഭിച്ചതെന്ന് ശ്രീ. രാജു എബ്രഹാം പറഞ്ഞു. അത് വളരെ തെറ്റായ ഒന്നാണ്. ഇവിടെ പനി പൊട്ടിപ്പുറപ്പെടുന്നതിന് മാസങ്ങൾക്കുമുമ്പാണ് ആരോഗ്യ വകുപ്പുമന്ത്രി ആദ്യമായി യോഗം വിളിക്കുന്നത്. അതുകഴിഞ്ഞ് എന്റെ സാന്നിദ്ധ്യത്തിലും ജില്ലകളിലും യോഗം വിളിച്ചു. എല്ലാ തലങ്ങളിലും ഏറ്റവും ശ്രദ്ധേയമായ രീതിയിലുള്ള വർക്ക് നടത്തി. ഒരു സ്ഥലത്തുപോലും ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ മൂന്ന് കാറ്റഗറിയിൽപ്പെട്ടവരും ഉണ്ടാകാതിരിക്കരുത് എന്നുള്ള ആഗ്രഹമാണുള്ളത്. അതുകൊണ്ടാണ് നിങ്ങൾ അന്വേഷിച്ചിട്ട് പറയാൻ പറഞ്ഞത്. നിങ്ങളുടെ കയ്യിൽ നിന്നും വിവരം കിട്ടുമെന്നതിന്റെ പേരിലാണ് ഹെൽത്ത് മിനിസ്റ്ററും

ഞാനും കൂടി ഇന്ന് 5 മണിക്ക് എല്ലാ മെഡിക്കൽ ഓഫീസേഴ്സിനെയും ഇവിടെ കോൺഫറൻസിന് വിളിക്കാൻ തീരുമാനിച്ചത്. എവിടെയൊക്കെ യാണ് ഷോർട്ടേജ് എന്ന് ഞങ്ങൾക്ക് വിവരം കിട്ടുന്നതനുസരിച്ച് നടപടി എടുക്കാൻ വേണ്ടിയാണ് അവരെ വിളിക്കുന്നത്. അതുകൊണ്ട് ഞാൻ വീണ്ടും പറയുന്നു, ഇവിടെ പ്രതിപക്ഷത്തും ഭരണകക്ഷിയിലുമുള്ള എം.എൽ.എ.മാർ പറയുന്നതനുസരിച്ച് ഈ മൂന്ന് കാറ്റഗറിയിൽപ്പെട്ടവരുടെ സാങ്ഷൻഡ് സ്ട്രെങ്ത്തിൽ കുറവുണ്ടെങ്കിൽ ഇന്നുതന്നെ അതിന് തീരുമാനമുണ്ടാക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങളുടെ ഓരോ മണ്ഡലത്തിലും പ്രശ്നങ്ങളുള്ള സ്ഥിതിക്ക് നമുക്ക് ഇന്നുതന്നെ കുറച്ചു സമയം ചർച്ച ചെയ്തുകൂടെ. മുഖ്യമന്ത്രി അതിന് സന്നദ്ധമാകില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ചർച്ച ചെയ്യുകയല്ല, പ്രവർത്തിക്കുകയാണ് നമുക്കാവശ്യം. ഇവിടെ ചർച്ചയല്ല, ആക്ഷനാണ് ആവശ്യം. നമുക്ക് ചർച്ച ചെയ്ത് എന്തെങ്കിലും ഒരു തീരുമാനം എടുത്താൽ മതിയോ? ഇന്ന് തീരുമാനം ഉണ്ടാക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതനുസരിച്ചുള്ള കാര്യങ്ങളാണ് നോക്കുന്നത്.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് നേരത്തെ ഒരു കാര്യം ചോദിച്ചിരുന്നു. അതിന്റെ മറുപടി പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പനി ബാധിച്ച് മരിച്ചവരുടെ കുടുംബത്തിന് സഹായം കൊടുക്കുന്നതിനെക്കുറിച്ച് പ്രതിപക്ഷ നേതാവ് ഇവിടെ പറയുകയുണ്ടായി. എന്റെ അറിവിൽപ്പെട്ടിടത്തോളം അങ്ങനെ ഒരു

സംവിധാനം ഇതുവരെ കേരളത്തിലില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന 5 വർഷത്തിനിടയിൽ എന്നെങ്കിലും പനി ബാധിച്ച് മരിച്ചവർക്ക് സഹായം കൊടുത്തിട്ടുണ്ടെങ്കിൽ ഈ പ്രാവശ്യവും കൊടുക്കും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കാര്യങ്ങൾ വിശദീകരിച്ചു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പനിയെ നേരിടുന്നതിന് എന്ത് നടപടിയും സ്വീകരിക്കുന്നതിന് തയ്യാറാണ്. അതുകൊണ്ടുതന്നെയാണ് വളരെ നേരത്തെ തന്നെ, അതായത്, ഏപ്രിൽ മാസത്തിൽ, ഞാൻ ഓരോ ജില്ലകളിലും പോയി അവലോകനയോഗം നടത്തിയത്. അപ്പോൾ എം.എൽ.എ.മാരുടെ യോഗം അവരവരുടെ നിയോജക മണ്ഡലത്തിൽ വിളിക്കണമെന്ന് ഒരു മാസത്തിനുമുമ്പ് ഞാൻ തന്നെ ലെറ്റർ കൊടുത്തതനുസരിച്ച് യോഗങ്ങൾ വിളിക്കുകയാണ് ചെയ്തത്. അതുകൊണ്ട് സ്റ്റാഫിന്റെ കുറവ്, മറ്റ് എന്ത് ആവശ്യമുണ്ടെങ്കിലും പ്രശ്നങ്ങൾ എന്തെങ്കിലും എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതിനുവേണ്ട കാര്യങ്ങൾ ഗവൺമെന്റ് ചെയ്യാൻ സന്നദ്ധമായി നിൽക്കുന്നു. കാര്യങ്ങൾ വളരെ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. എല്ലാവരുടെയും സഹകരണം ഈ കാര്യത്തിൽ ആവശ്യമാണ്. ഇതിൽ രാഷ്ട്രീയമായിട്ടുള്ള ഒരു മുഖം കൊടുക്കാതെ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്, ഇതിന് പ്രത്യേകം ഒരു ചർച്ചയുടെ ആവശ്യമില്ല. ഗവൺമെന്റ് നല്ലതുപോലെ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകും. സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ആരോഗ്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മണിക്കൂറുകൾ നീണ്ട ചർച്ചയിലൂടെയാണ് നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട് അദ്ദേഹം തന്നെ സമ്മതിക്കുന്ന 140 ആളുകളുടെ മരണത്തെ സംബന്ധിച്ച് ന്യായീകരിക്കാൻ വേണ്ടി ശ്രമിച്ചത്. ഞങ്ങളുടെ കണക്കനുസരിച്ച് 150 - ൽപ്പരം ആളുകൾ മരണപ്പെട്ടു. മണിക്കൂറുകൾ നീണ്ട ചർച്ചയ്ക്കുശേഷം എന്ത് സഹായം ചെയ്തു എന്ന് അദ്ദേഹത്തിന് പറയാൻ കഴിയുന്നില്ല. കാരണം അദ്ദേഹവും അദ്ദേഹം ഉൾക്കൊള്ളുന്ന ക്യാബിനറ്റും ചർച്ച ചെയ്തിട്ട് ഒരു തീരുമാനം എടുത്തതായി അദ്ദേഹത്തിന് അറിവില്ലാത്തതുകൊണ്ട് മുഖ്യമന്ത്രി പറയുമെന്ന് പറഞ്ഞു. അവസാനം മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞപ്പോൾ 5 നയാ പൈസപോലും കൊടുത്തിട്ടില്ല. എന്നിട്ട് അതിന് അദ്ദേഹം ഒരു മറുപടി കണ്ടുപിടിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ ഞങ്ങൾ ഹർത്താൽ നടത്തിയവരാണെന്ന് പറഞ്ഞില്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണി അന്ന് എന്തെങ്കിലും കൊടുത്തിട്ടുണ്ടോ? അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ അത് ഞങ്ങളും കൊടുക്കാം. മരണപ്പെട്ട 150 ആളുകളുടെ കുടുംബങ്ങളോട് എന്തെങ്കിലും ഒരു സഹതാപം കാട്ടാതെ പോകുന്ന ഈ അവസരത്തിൽ ജനങ്ങൾക്ക് കൊടുക്കേണ്ട ശരിയായിട്ടുള്ള സമാധാനമെന്ന് പറയുന്നത് അധികാരത്തിലിരിക്കുന്ന മന്ത്രിമാരെയെല്ലാം തന്നെ വളഞ്ഞുപിടിച്ച് നല്ല

ഒന്നാന്തരം ചൂരൽ വടികൊണ്ട് കണ്ണുനീർ വരത്തക്ക വിധത്തിൽ നല്ല പെരുപ്പ് കൊടുക്കാതെ എങ്ങനെ വിടാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട അങ്ങ് ആലോചിക്കണം.

മി. സ്പീക്കർ: അത് എനിക്ക് ആലോചിക്കാൻ സാധ്യമല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിന് മുൻകാല പ്രാബല്യം കൂടി കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അതിന് മുൻകാല പ്രാബല്യം കൊടുക്കാൻ തയ്യാറാണ്. കാരണം നമ്മുടെ പൗരജനങ്ങളോട് ഇത്രയും കൂറില്ലാത്ത, ഇത്രയും ദയ കാണിക്കാത്ത കൂട്ടരെ സംബന്ധിച്ച് ഇതിൽ കുറഞ്ഞ് എന്താണ് പറയേണ്ടത്? 150 ആളുകൾ മരണപ്പെട്ടിട്ടും അഞ്ച് നയാപൈസ പോലും ഒരു കുടുംബത്തിനും നൽകിയിട്ടില്ല. ഒരു ദയയും കാട്ടാത്ത ഇത്തരക്കാരോട് എങ്ങനെയാണ് പെരുമാറേണ്ടതെന്ന് ഞാൻ അങ്ങയ്ക്ക് പറഞ്ഞ് മനസ്സിലാക്കി ത്തരേണ്ട കാര്യമില്ല. ആ നിലയിലാണ് ഞാൻ ഈ വികാരം അങ്ങയുമായി പങ്കുവച്ചത്. ഇത്തരം നിരുത്തരവാദപരമായ സമീപനത്തിന് അറുതി വരുത്തിയേ മതിയാകൂ. ഇതുസംബന്ധിച്ച് ഒരു സമരത്തിലേക്ക് ജനങ്ങളെ നയിക്കുന്നതിനാവശ്യമായ ഒരു കാര്യവും പ്രതിപക്ഷത്തിന് ചെയ്യേണ്ട. വെറും ഒരു കാൾ മാത്രം നൽകിയാൽ മതി. ഞങ്ങൾ അങ്ങനെയൊന്നും ചെയ്യാൻ പോകുന്നില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ മര്യാദയായ നടപടികൾ സ്വീകരിക്കും എന്നത് സംബന്ധിച്ച് അങ്ങ് ഈ സഭയ്ക്ക് ഉറപ്പ് നൽകണം. ഇങ്ങനെ ആളുകൾ മരിച്ചോട്ടെ, ഇവിടെ ഞങ്ങൾ പ്രസിഡന്റിനെ കാസർഗോ ഡുനിന്ന് യാത്ര അയയ്ക്കും. ജാഥ തിരുവനന്തപുരത്ത് എത്തുമ്പോൾ മഹാ സംഭവങ്ങൾ ഉണ്ടാകുമെന്ന് അത് ഉദ്ഘാടനം ചെയ്ത ശ്രീ. ഉമ്മൻ ചാണ്ടി

അദ്ദേഹത്തെ പറഞ്ഞ് മനസ്സിലാക്കി. എന്നിട്ടോ, ഇവിടെ ഒരു ചുക്കും സംഭവിച്ചില്ല. കെ.പി.സി.സി. പ്രസിഡന്റിനെ അപമാനിക്കത്തക്ക വിധത്തിൽ ഇത്രയും ഹീനമായ നിലയിൽ പെരുമാറുന്ന ഒരു സമീപനം കേരളത്തിലെ ജനങ്ങൾ ഇതുവരെ കണ്ടിട്ടുണ്ടോ, കേട്ടിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട അങ്ങയോട് ഞാൻ ചോദിക്കുകയാണ്.

മി. സ്പീക്കർ: ഇവിടെ പനിമരണമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇത്തരത്തിൽ അനുയായികളെയും ജാഥയേയും നോക്കിക്കൊണ്ടിരുന്ന സന്ദർഭത്തിൽ ആശുപത്രികളിലെ മരണത്തെ സംബന്ധിച്ചോ നഴ്സുമാരില്ലാത്ത സ്ഥലമെവിടെ, നഴ്സിംഗ് സൂപ്രണ്ടുമാരില്ലാത്ത സ്ഥലമെവിടെ, മരുന്നില്ലാത്ത സ്ഥലമെവിടെ, മരണം നടന്ന സ്ഥലമെവിടെ എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഈ നേതാക്കന്മാർക്ക് സാധിച്ചിട്ടില്ല. ഇതല്ലേ സത്യം? ഇവിടെ എല്ലാവരും ജാഥയുടെ പിറകെ പോയി. യഥാസമയം ചിന്തിച്ച് കാര്യങ്ങൾ ചെയ്യാൻ സാധിച്ചില്ലെന്നൊരു അബദ്ധം ഇവർക്ക് പറ്റിയിട്ടുണ്ട്.. നമ്മുടെ പൗരന്മാർ ഇത്തരത്തിൽ നീചമായ നിലയിൽ മരണപ്പെടുന്നതിന് ഇവർ കൂട്ട് നിൽക്കുകയാണ്. നിങ്ങൾക്ക് അർഹമായ ശിക്ഷ പൊതുജനം നൽകുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. അങ്ങയുടെ നേതൃത്വത്തിൽ ഇവിടെ വിവാദങ്ങൾ നടത്താൻ മാത്രമേ സാധിക്കുകയുള്ളൂ. പ്രതിപക്ഷത്തിന് എന്ത് പറയാനുണ്ട്, മുഖ്യമന്ത്രിക്ക് എന്ത് പറയാനുണ്ട്, അടിയന്തരപ്രമേയത്തെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് മന്ത്രിക്ക് എന്ത് പറയാനുണ്ട് - ഇതല്ലേ അങ്ങയ്ക്ക് ചോദിക്കാൻ സാധിക്കുകയുള്ളൂ. ഇത് അങ്ങ് ശരിയായ നിലയിൽ ചോദിക്കുന്നുമുണ്ട്. അതിനെക്കുറിച്ചൊന്നും ഞങ്ങൾക്ക് ആക്ഷേപമില്ല.

ആയതിനാൽ ഇത്തരം നിരുത്തരവാദപരമായ നയത്തിലും നടപടിയിലും ശക്തമായി പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന അതീവ ഗുരുതരമായ പ്രശ്നത്തെക്കുറിച്ചാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. ഈ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞ വകുപ്പുമന്ത്രി യുടെ നിലപാട് വളരെ നിർഭാഗ്യകരവും അപലപനീയവുമാണ്. ഇത്തരത്തിൽ അധികാരത്തിൽ ഇരിക്കുന്ന ഒരു മന്ത്രി ഒരിക്കലും പറയേണ്ട മറുപടിയല്ല ഇത്. ഇവിടെ 150 ആളുകൾ മരണപ്പെട്ടു. യഥാർത്ഥത്തിൽ മര ണപ്പെട്ട ആളുകളുടെ അംഗസംഖ്യ ഇതിലും കൂടുതലാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയും ഉൾപ്പെട്ട കോട്ടയം ജില്ലയിൽ 27 പേരാണ് പൊടുന്നനേ മരണമടഞ്ഞത്. കോട്ടയം ജില്ലയിൽ നിങ്ങൾക്ക് തിരിച്ചുപോകണ്ടേ? എന്ത് കാരണമാണ് നിങ്ങൾക്ക് പറയാനുള്ളത്?. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പു മന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുമുള്ള കോട്ടയം ജില്ലയിൽ വളരെ ദാരുണമായ സംഭവമാണ് നടന്നിരിക്കുന്നത്. ആരോഗ്യ വകുപ്പുമന്ത്രി തിരുവനന്തപുരം ജില്ലയെ പ്രതിനിധീകരിക്കുന്ന വ്യക്തിയാണ്. അദ്ദേഹം മെഡിക്കൽ കോളേജ് സന്ദർശിച്ചു എന്നാണ് പറയുന്നത്. മെഡിക്കൽ കോളേ ജിൽ പനി ബാധിതർക്ക് ഒരു വാർഡ്പോലുമില്ല. ഇവിടെയുള്ളത് നേരത്തെ ഉണ്ടായിരുന്ന വാർഡുകളാണ്. ആ വാർഡിലെ ബെഡ്ഡിനടിയിൽ നാല് ആളു

കൾ വീതമാണ് കിടക്കുന്നത്. എല്ലാവർക്കും ബെഡ്ഡുണ്ടെന്നാണ് അങ്ങിവിടെ പറഞ്ഞത്. ഞാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വളരെ നേരം ഉണ്ടായിരുന്നു. ഇക്കാര്യങ്ങളെല്ലാം ഞാൻ നേരിട്ട് കണ്ടതാണ്. തലസ്ഥാന നഗരിയിലുള്ള മെഡിക്കൽ കോളേജിന്റെ വരാന്തയിൽ ഒരു രോഗി പുഴുവരിച്ച് കിടക്കുന്നത് കേരളം കണ്ടതാണ്. എന്ത് ചികിത്സയാണ് അവിടെ ലഭിക്കുന്നത്? അവിടത്തെ ലബോറട്ടറികളെല്ലാം പൂട്ടികിടക്കുകയാണ്. അതിനുള്ള കാരണം ഞാൻ അന്വേഷിച്ചു. ഞായറാഴ്ച ആയതിനാലാണ് ഇപ്രകാരം പൂട്ടിയതെന്നാണ് അവർ മറുപടി നൽകിയത്. പനിക്ക് ഞായറാഴ്ചയാണെന്നുള്ളത് അറിയാമോ; ഡെങ്കിപ്പനിക്ക് ഞായറാഴ്ചയാണെന്നുള്ളത് അറിയാമോ; പനിക്ക് ഞായറാഴ്ച ഹോളിഡേയാണോ? അവിടെ രോഗികൾ അമ്പരന്ന് ഓടുകയാണ്. ഞായറാഴ്ച അവിട ഒ.പി. ഇല്ല. ഒരു പ്രത്യേക സാഹചര്യത്തിൽ ഞായറാഴ്ച ഒ.പി. വയ്ക്കാത്തത് എന്താണ്? ഞായറാഴ്ച ഒ.പി. വേണ്ടായെന്ന് തീരുമാനിച്ചത് ശരിയാണോ? ഇങ്ങനെ ആളുകൾ ഒരു ഭാഗത്ത് പിടഞ്ഞ് മരിക്കുകയാണ്. ഇവിടെ ഗവണ്മെന്റ് എന്താണ് ചെയ്യേണ്ടത്? പ്രൈമറിയായിട്ടെങ്കിലും അവരുടെ ജീവൻ സംരക്ഷിക്കണ്ടേ? അട്ടപ്പാടിയിലെ പാവപ്പെട്ട ആദിവാസികളുടെ കൂട്ടമരണമാണ് ഇന്നലെ ഇവിടെ ചർച്ച ചെയ്തത്. ഇന്ന് ഈ സഭ ചർച്ച ചെയ്യുന്നത് പനി പിടിച്ച കൂട്ടമരണമാണ്. മറുപടി പറഞ്ഞാൽ തീരുന്നതാണോ ഇത്തരം പ്രശ്നങ്ങൾ? ഇവിടെ ഹരിത വിപ്ലവം മാത്രം മതിയോ? ശ്രീ. റ്റി. എൻ. പ്രതാപൻ, ഇവിടെ മരങ്ങൾ മാത്രം മതിയോ, മനുഷ്യൻ വേണ്ടേ? ഇവിടെ മനുഷ്യനെ നിങ്ങൾ മരങ്ങളെക്കാൾ മൃഗീയമായി കശാപ്പ് ചെയ്യുകയല്ലേ? ഇതിൽ എന്ത് ന്യായീകരണമാണുള്ളത്? വാർഡുകളിൽ ഒന്നും തന്നെ നടക്കുന്നില്ല, ഞാൻ ആകാശം വഴി വന്നതൊന്നുമല്ല. നിയോജകമണ്ഡലങ്ങളിൽ കാര്യമായി

യാതൊന്നും നടക്കുന്നില്ല. ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നതാണ് നിങ്ങളിവിടെ പറയുന്നത്. പല പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫുകളുമില്ല. അവിടെയെല്ലാം ഒഴിവുകളുണ്ടെങ്കിലും അതൊന്നും തന്നെ നികത്തിയിട്ടില്ല. ഇക്കാര്യം ഭരണകക്ഷിയിലെ എല്ലാ എം.എൽ.എ.മാർക്കും അറിയാം. താലൂക്ക് ആശുപത്രികളുടെ ഗതിയും വ്യത്യസ്തമല്ല. ഈ അവസ്ഥകളെല്ലാം ചർച്ച ചെയ്ത് കാര്യക്ഷമമായി ഈ വകുപ്പ് മുന്നോട്ട് കൊണ്ടുപോകണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് യാതൊരു ആനുകൂല്യവും നൽകിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പത്തനംതിട്ട ജില്ലയിൽ എല്ലാവർക്കും ഒരു മാസത്തെ സൗജന്യ റേഷൻ നൽകി. മാത്രമല്ല, പനി ബാധിതരുടെ വീട്ടിൽ സ്പെഷ്യലായി ഓരോ അംഗ ങ്ങൾക്ക് പത്ത് കിലോ അരി വീതം എത്തിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. എൽ.ഡി.എഫ്. ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ഞങ്ങൾ ഹർത്താൽ നടത്താത്തതാണോ കുഴപ്പം? നിങ്ങൾ അന്ന് ഹർത്താലല്ലേ നടത്തിയത്? ഞങ്ങൾ ഹർത്താൽ നടത്തിയില്ല. ഞങ്ങളാണ് ഏറ്റവും വലിയ ജനാധിപത്യ മര്യാദക്കാരെന്ന് നിങ്ങൾ പറയുന്നുണ്ട്. പനി വരുമ്പോൾ ഹർത്താൽ നടത്തിയാൽ പനി പോകുകയി ല്ലെന്ന് ഞങ്ങൾക്ക് അറിയാം. എന്നാൽ നിങ്ങൾ എന്താണ് നടത്തിയത്? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുറച്ച് ആളുകൾക്ക് പനി വന്ന പ്പോൾ നിങ്ങൾ ഹർത്താൽ നടത്തി. എന്നാൽ ഞങ്ങൾ ചെയ്തത് എന്താണ്? ഞങ്ങൾ ഇവിടെ ഒരു പ്രമേയം കൊണ്ടുവന്നതേയുള്ളൂ. സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ നിങ്ങൾ സന്നദ്ധമാകാത്തത് എന്തുകൊണ്ടാണ്? കേരളത്തിലെ 150 ആളുകൾ മരണപ്പെട്ട ഒരു സംഭവം

ചർച്ച ചെയ്യാൻ കേരള നിയമസഭയ്ക്ക് സമയമില്ല എന്ന് വരുന്നത് ഭൂഷണ മാണോ? ഇതാണോ ജനാധിപത്യം? ഇത് ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? ശ്രീ. പി. സി. ജോർജ്ജ്, ഇവിടെ മനുഷ്യ ജീവന് വല്ല വിലയുമുണ്ടോ? നിങ്ങൾ ഇവിടത്തെ ചീഫ് വിപ്പല്ലേ?. നിങ്ങൾക്ക് കോട്ടയത്ത് പോകണ്ടേ? നിങ്ങളുടെ മണ്ഡലം കോട്ടയമല്ലേ? ഇവിടെ പറഞ്ഞതിൽ എന്തെങ്കിലും സത്യമുണ്ടോയെന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കയറി പരിശോധിക്കാത്തതെന്താണ്? ഇതിൽ ഒരു സത്യവുമില്ലെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ? എല്ലാ കാര്യത്തിലും ഇടപെടുന്ന അങ്ങ് ഇക്കാര്യത്തിൽ ഞങ്ങളെ സഹായിക്കണ്ടേ? നിങ്ങൾ ചർച്ചയിൽ നിന്ന് ഒളിച്ചോടുന്നത് എന്തി നാണ്? ഞങ്ങൾക്കെതിരായി അഹങ്കാരം പറയുന്ന നിങ്ങൾക്ക് എന്തുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ സാധിക്കുന്നില്ല? നിരപരാധികൾ കൊല്ലപ്പെട്ടത് ചർച്ച ചെയ്തില്ലെങ്കിൽ ഏത് വിഷയമാണ് നിങ്ങൾ ചർച്ചചെയ്യാൻ പോകു ന്നത്? ഇത് നിർഭാഗ്യകരമായിപ്പോയി, ഞങ്ങൾ അതിൽ ദുഃഖം രേഖപ്പെടു ത്തുകയാണ്, ഞങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു, മരണമടഞ്ഞ നിരപരാധികളായ ആളുകളുടെ മുമ്പിൽ ഞങ്ങൾ മാപ്പ് പറയുന്നു, ഇത് ഞങ്ങളുടെ വീഴ്ചകൊണ്ട് വന്നതാണ്, നിങ്ങളുടെ കുടുംബമെല്ലാം തകർന്നു പോയി, ഞങ്ങൾ തീർച്ചയായും സഹായിക്കാമെന്നെങ്കിലും പറയേണ്ട തല്ലേ. എന്നാൽ നിങ്ങൾ അതിനും തയ്യാറല്ല. നിങ്ങൾ ഞങ്ങളെ ആക്രമിക്കുക യാണ്. ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നതെന്തിനാണെന്ന് ചോദിച്ചു കൊണ്ട് വകുപ്പുമന്ത്രി രോഷാകുലനാകുകയാണ്. ഇവിടെ എന്തിനാണ് അടിയന്തരപ്രമേയം? വാർഡിലും മണ്ഡലത്തിലും താലൂക്കിലും ജില്ലയിലും കൂടിയില്ലേ,. ആര് കൂടി, എവിടെ കൂടി, എന്ത് ചെയ്തു? ഇതിന്റെ യഥാർത്ഥ റിസൾട്ട് എന്താണ്? റിസൾട്ട് എന്താണെന്നു ചോദിച്ചാൽ ദിനംപ്രതി ആളുകൾ

മരിച്ചുകൊണ്ടിരിക്കുന്നു. നാളെയും പനിമൂലമുണ്ടാകുന്ന മരണവാർത്തകൾ വായിച്ചുകൊണ്ടായിരിക്കും അസംബ്ലിയിൽ വരാൻ പോകുന്നത്. അത്യാസന്ന നിലയിൽ നൂറുകണക്കിനാളുകൾ പനിപിടിപ്പെട്ട് ആശുപത്രിയിലാണ്. ഇതിനെതിരായി അടിയന്തരമായി നടപടികൾ എടുക്കുക മാത്രമല്ല, സഭ പരിപൂർണ്ണമായി നിറുത്തിവച്ച് ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്താൽ ജനങ്ങൾക്ക് ആശ്വാസമാകുമെന്ന് മാത്രമല്ല, ആ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കുകയും ചെയ്യാം. അല്ലാതെ ഓരോ എം.എൽ.എ.മാരും അവരവരുടെ മണ്ഡലങ്ങളിൽ എന്തൊക്കെ ചെയ്യണമെന്ന് നിങ്ങൾ നിർദ്ദേശിക്കേണ്ട കാര്യമില്ല. എം.എൽ.എ.മാർ ചെയ്യേണ്ട കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. ഞങ്ങൾക്ക് വേറെ ഭരണമില്ലാത്തതുകൊണ്ട് നിങ്ങളെക്കാൾ കാര്യമായി മണ്ഡലങ്ങളിൽ പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. അതുകൊണ്ട് ജനാധിപത്യത്തെക്കുറിച്ച് കൂടുതലായി പഠിപ്പിക്കേണ്ടകാര്യമില്ല. ഓരോ മണ്ഡലങ്ങളിലേയും പ്രശ്നങ്ങളെപ്പറ്റി വളരെ വ്യക്തമായി അറിയാം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യാത്തതിൽ ശക്തമായി പ്രതിഷേധിക്കുന്നു. പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ രാഷ്ട്രീയമായ കാലുമാറ്റങ്ങൾ വന്നതുകൊണ്ട് ചിലപ്പോൾ ഈ വിഷയം ചർച്ചചെയ്യാൻ സാധ്യതയില്ല. അല്ലെങ്കിൽ ചർച്ച ചെയ്യുമായിരുന്നു. അത് ഞാൻ ഉപേക്ഷിക്കുന്നു. അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യൂ ടി. തോമസ്: സർ, ഇന്നത്തെ അടിയന്തരപ്രമേയമെങ്കിലും ചർച്ച ചെയ്യാമെന്ന ഒരു തുറന്ന മനസ്സ് സർക്കാരിനുണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. സാധാരണഗതിയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോഴുള്ള ഗവൺമെന്റ് നിലപാട് ജനങ്ങളുമായി ബന്ധപ്പെടുന്ന എന്തെങ്കിലും വിഷയം കൊണ്ടുവന്നാൽ ചർച്ച ചെയ്യാമെന്നായിരുന്നു. ജനങ്ങളുമായി ബന്ധപ്പെട്ട വിഷയമല്ലേ പ്രതിപക്ഷാംഗങ്ങൾ ഇന്ന് അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. 15 ലക്ഷം ജനങ്ങൾ പനിബാധിതരായിയെന്ന് പറയുന്നത് ജനങ്ങളുമായി ബന്ധപ്പെടുന്ന വിഷയമല്ലേ; 150 ആളുകൾ മരണപ്പെട്ടുവെന്ന് പറയുന്നത് പ്രശ്നത്തിന്റെ രൂക്ഷത വെളിവാക്കുന്നതല്ലേ; ഇത്ര രൂക്ഷമായൊരു പ്രശ്നത്തെ ലളിതമായി ലാഘവത്തോടുകൂടി സമീപിച്ച ഗവൺമെന്റിന്റെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനമായി പറഞ്ഞതെന്താണ്; പനി വന്ന കാലത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് എന്തൊക്കെ ചെയ്തിട്ടുണ്ടോ അതൊക്കെ ചെയ്യാൻ ഞങ്ങൾ തയ്യാറാണെന്നാണ്. കുറഞ്ഞ പക്ഷം ആ ഗവൺമെന്റിന്റെ കാലത്ത് എന്ത് ചെയ്തുവെന്ന് പരിശോധിക്കാനെങ്കിലും ഈ സമയത്തിനുള്ളിൽ ശ്രമിക്കണ്ടേ? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൊട്ടിപ്പുറപ്പെട്ട ചിക്കുൻഗുനിയയുടെ രൂക്ഷത ഏറ്റവും കൂടുതൽ അനുഭവപ്പെട്ടത് പത്തനംതിട്ട ജില്ലയിലായിരുന്നു. അന്ന് ആ ജില്ലയുടെ ചുമതല എനിക്കായിരുന്നു. അവിടെ പ്രത്യേക സംവിധാനമൊരുക്കുകയും പകർച്ചപ്പനി നിയന്ത്രണവിധേയമാക്കുകയും ചെയ്തു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ക്യാബിനറ്റ് തീരുമാനപ്രകാരം പനി ബാധിച്ച്

മരിച്ചവർക്ക് ധനസഹായം അനുവദിച്ച് നൽകിയത് റിക്കോർഡിലുണ്ട്. അത് പരിശോധിക്കാൻ ഇന്നത്തെ ഭരണസംവിധാനത്തിന് കഴിയുന്നില്ലേ? എന്തുകൊണ്ട് അതിന് കഴിയാതെ പോകുന്നു; പനിബാധിതരായ നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യ റേഷൻ കൊടുക്കാനും കഴിഞ്ഞു. ഈ ഗവൺമെന്റ് ചെയ്ത മറ്റ് പല കാര്യങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. അങ്ങനെ ചെയ്ത കാര്യങ്ങൾ ഒരിടത്തും എത്തിയില്ലെന്ന വസ്തുതയും വെളിവായികഴിഞ്ഞു. ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ വാർഡുകൾക്കും 25,000 രൂപ വീതം അനുവദിച്ചെങ്കിലും എൻ.ആർ.എച്ച്.എം.ന്റെ ഫണ്ടായ 10,000 രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ശുചിത്വമിഷന്റെ തുക ലഭിക്കാത്തതുകൊണ്ട് ഒന്നും വിതരണം ചെയ്യാത്തൊരു സംവിധാനം ഇവിടെയുണ്ട്. അതിന്റെ അർത്ഥം എന്താണ്? മഴക്കാലം ആരംഭിച്ച് രണ്ടാഴ്ച കഴിഞ്ഞിട്ടും ഇതുവരെ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കൊതുകുജന്യ രോഗങ്ങൾ പ്രതിരോധിക്കാൻ കൊതുകുകൾ പ്രജനനം നടത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്ന സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പണം ഇതുവരെയും ലഭ്യമായിട്ടില്ല. ഏകദേശം 150 ആളുകൾ മരിച്ചു, 15 ലക്ഷം ആളുകൾക്ക് പനി ബാധിച്ചതിനുശേഷവും വാർഡുകൾക്ക് ലഭ്യമാക്കേണ്ട 25,000 രൂപ എത്തിയിട്ടില്ല. മഴക്കാലത്തിനുമുമ്പ് നടത്തേണ്ട പ്രവർത്തനങ്ങൾക്കായി വാർഡുകൾക്ക് നൽകേണ്ട പണം ഇതുവരെ നൽകിയിട്ടില്ല. ഇതാണ് ഗവൺമെന്റിന്റെ നിഷ്ക്രിയത്വമെന്ന് ഞങ്ങൾ പറയുന്നത്. ഇവിടെ കഴിഞ്ഞ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ മാത്രമേ ഈ ഗവൺമെന്റ് ചെയ്യുകയുള്ളൂ എന്ന് പറയുമ്പോഴും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്ത കാര്യങ്ങൾ പോലും ചെയ്യാൻ കഴിയുന്നില്ല. പുതിയ കാര്യങ്ങൾ ചെയ്യാൻ ഈ

ഗവൺമെന്റിന് കഴിയണം. ഈ പ്രതിസന്ധിയെ മുതലെടുത്തുകൊണ്ട് പല ആളുകളും ലാഭമുണ്ടാക്കാനായി രംഗത്ത് വന്നിരിക്കുകയാണ്. മരുന്നുകളുടെ വില ഈ സമയത്ത് വർദ്ധിച്ചിരിക്കുന്നു. ലാബ് ടെസ്റ്റുകളുടെ നിരക്കുകൾ വർദ്ധിക്കുന്നു. നാട്ടിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ നിന്ന് എങ്ങനെ ലാഭം കൊയ്തെടുക്കാൻ കഴിയുമെന്ന് ശ്രമിക്കുന്ന ശക്തികളുടെ മുമ്പിൽ ഗവൺമെന്റ് നിശബ്ദ കാഴ്ചക്കാരനായി നിന്നുകൊടുക്കാൻ പാടില്ല. ഇടപെടേണ്ട കാര്യങ്ങളിൽ ഇടപെടുന്നതിൽ ഈ ഗവൺമെന്റിന് വീഴ്ച വന്നു. ഇവിടെ പനിയും കൊതുകുജന്യ രോഗങ്ങളും പടർന്നുപിടിച്ചപ്പോൾ അന്നത്തെ യു.ഡി.എഫ് നേതൃത്വത്തിൽ ഹർത്താൽ നടത്തിയ ആളുകൾ ഇന്ന് ഭരണത്തിലിരിക്കുമ്പോൾ ഇത്രമാത്രം നിസ്സംഗതയും നിഷ്ക്രിയത്വവും ഇക്കാര്യത്തിലുണ്ടായത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജനങ്ങളെ വളരെ യധികം ബാധിച്ചിരിക്കുന്ന മിക്കവാറും ഈ സഭയിലുള്ള നല്ലൊരു ശതമാനം ആളുകളും പനിയുള്ളവരോ പനിബാധിച്ചവരോ ആണ്. സർക്കാർ ഓഫീസു കളിലുള്ള ആളുകളും അങ്ങനെതന്നെയാണ്. ജനസാമാന്യത്തിനിടയിൽ നല്ലൊരു ശതമാനം ആളുകളും പനി ബാധിച്ചവരായി മാറിയിരിക്കുകയാണ്. ജനങ്ങളെ ഇത്രയധികം ബാധിച്ചൊരു വിഷയം ചർച്ച ചെയ്യാനുള്ള തുറന്ന മനസ്സ് സർക്കാർ കാട്ടേണ്ടിയിരുന്നു. പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കു വാൻ ജനപ്രതിനിധികളെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ട് ജനങ്ങളുടെ, ജനപ്ര തിനിധികളുടെ അഭിപ്രായം ക്രോഡീകരിച്ചുകൊണ്ട് ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കുവാൻ സർക്കാർ തയ്യാറാകേണ്ടിയിരുന്നു. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യൂ ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം കൊല്ലത്ത് കൂടിയ അവസരത്തിൽ ചില നിർദ്ദേശങ്ങളുണ്ടായി. ആ നിർദ്ദേശങ്ങൾ അടിയന്തരപ്രമേയ ചർച്ചാവേളയിൽ അവതരിപ്പിക്കാമെന്ന് വിചാരിച്ചതാണ്. അത്തരത്തിൽ ഒരു ചർച്ച ഉണ്ടാകാത്ത സാഹചര്യത്തിൽ ആ നിർദ്ദേശങ്ങൾ ഞാൻ സമർപ്പിക്കുകയാണ്. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ ശുചീകരണപ്രവർത്തനങ്ങളുടെ ഭാഗമായി സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാൻ അവിടത്തെ ഓടകൾ വൃത്തിയാക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ, കോർപ്പറേഷനിൽ ആകെ ഒരു ഫോഗിംഗ് മെഷീൻ മാത്രമേയുള്ളൂ. അത് അപര്യാപ്തവുമാണ്. അതോടൊപ്പംതന്നെ ക്ലീനിംഗ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ലഭിച്ചിരുന്ന 240 രൂപ 375 രൂപയാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് കഴിഞ്ഞ ആഴ്ച പുറപ്പെടുവിക്കുകയുണ്ടായി. ഇത്തരമൊരു അടിയന്തരഘട്ടത്തിൽ 15 ദിവസത്തേയ്ക്കെങ്കിലും എം.ജി.എൻ.ആർ.ഇ.ജി. എസ്.-ൻകീഴിൽ ജോലി ചെയ്യുന്നവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായൊരു ഉത്തരവ് പുറപ്പെടുവിക്കുന്നത് നന്നായിരിക്കും. യഥാർത്ഥത്തിൽ ഇപ്പോൾ അവർ ചില ചെറിയ ജോലികൾ മാത്രമാണ് ചെയ്യുന്നത്. ആറ് മണിക്കൂർ അവർ ജോലി ചെയ്താൽ അവർക്ക് 375 രൂപ ലഭിക്കും. ഈ ജോലിക്ക് അവരെക്കൂടി നിയോഗിക്കാൻ പര്യാപ്തമാകുന്ന നിലയിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി അത്തരത്തിലുള്ളൊരു ഉത്തരവ് പുറപ്പെടുവിച്ചാൽ അവരെ കൂടുതൽ പ്രയോജനപ്രദമാക്കാൻ

സാധിക്കുന്നതാണ്. അതുപോലെ 2001-ൽ ഇത്തരത്തിൽ പനി വ്യാപകമായ സാഹചര്യത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പ് നടത്താൻ തീരുമാനിച്ചിരുന്നു. അങ്ങനെ ഓരോ മെഡിക്കൽ ക്യാമ്പിനും ഒരു ലക്ഷം രൂപ വീതമാണ് സംസ്ഥാന ഗവൺമെന്റ് അന്ന് അലോട്ട് ചെയ്തിരുന്നത്. ആ മെഡിക്കൽ ക്യാമ്പിലൂടെ ആയുർവേദ-ഹോമി യോ-അലോപ്പതി വിഭാഗങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയും അതോ ടൊപ്പംതന്നെ സന്നദ്ധ സംഘടനകളുടെയും ആ പ്രദേശത്തെ മെഡിക്കൽ കോളേജുകളുടെയും ഹോസ്പിറ്റലുകളുടെയും സേവനങ്ങൾ, അവർ നൽകുന്ന മരുന്നുകളും അവിടത്തെ ഡോക്ടർമാരുടെ സേവനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ജനപ്രതിനിധികൾ മുൻകൈയെടുത്താൽ അത്തരത്തിൽ വിപുലമായ നിലയിൽത്തന്നെ മെഡി ക്കൽ ക്യാമ്പുകൾ നടത്താൻ സാധിക്കും. എന്നാൽ ഇപ്പോൾ പനി ബാധിത രായി ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലേയ്ക്ക് എത്തുന്ന ആളുകൾക്ക് അവിടെ കിടക്കാൻ സ്ഥലമില്ല, അവർ ഒരു പാരസെറ്റമോൾ കൊടുത്തതിനുശേഷം മടങ്ങിപ്പോകാൻ ആവശ്യപ്പെടുകയാണ്. വീണ്ടും പനി കൂടുന്ന അവസരത്തിൽ അവർ അഭയം പ്രാപിക്കുന്നത് സ്വകാര്യ ആശുപത്രികളെയാണ്. അങ്ങനെ സ്വകാര്യ ആശുപത്രിയെ അഭയം പ്രാപിക്കാതിരിക്കാൻ ഒരു പരിധിവരെ ഇത്തരത്തിൽ ക്യാമ്പുകൾ നടത്തിയാൽ അതിലൂടെ ആയുർവേദത്തിന്റെയും അലോപ്പതിയുടെയും ഹോമിയോപ്പതിയുടെയും സഹായം എത്തിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തണം. ഇതിനായി അന്ന് ഒരു ലക്ഷം രൂപയാണ് ചെലവാക്കിയതെങ്കിൽ

ഇന്ന് അതിന്റെ ഇരട്ടിയോ അതിൽ കൂടുതലോ രൂപ ഓരോ നിയോജകമണ്ഡലത്തിനും നൽകണം. ആ തുക എൻ.ആർ.എച്ച്.എം. വഴിയാണ് വിനിയോഗിക്കുന്നത്. അത്തരത്തിൽ ഒരു ശാസ്ത്രീയമായ പ്രായോഗികമായ ഒരു സമീപനം കൂടി ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. അത്തരം കാര്യങ്ങൾ ചർച്ച ചെയ്തിരുന്നുവെങ്കിൽ ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സാധിക്കുമായിരുന്നു. ഏതായാലും ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, 15 ലക്ഷം പേർ പനികൊണ്ട് വിറങ്ങലിച്ച് നിൽക്കുമ്പോൾ അത് ചർച്ച ചെയ്യുവാൻ നിയമസഭയ്ക്ക് സമയമില്ലെങ്കിൽപ്പിന്നെ ഏത് ജനകീയ പ്രശ്നമാണ് ഈ സഭ ചർച്ച ചെയ്യുന്നത്. ഇത്ര ലാഘവ ബുദ്ധിയോടുകൂടി സർക്കാർ ഈ പ്രശ്നം കൈകാര്യം ചെയ്യുമെന്ന് ഞങ്ങളാരും കരുതിയതല്ല. ശ്രീ. എ. എ. അസീസ് ഇവിടെ പറഞ്ഞതുപോലെ പ്രാദേശിക ചർച്ചകൾ നടത്തുന്നതിന് മുൻകയ്യെടുത്ത ജനപ്രതിനിധികളിൽപ്പെട്ട ഒരാളാണ് ഞാൻ. അവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഇന്നത്തെ ചർച്ചയിൽ ഇവിടെ ഉന്നയിക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചതാണ്. എന്റെ മണ്ഡലത്തിലെ ഒരു ആശുപത്രിയിൽ നാല് സ്റ്റാഫ് ഇല്ല. ഒരു സ്റ്റാഫിനെ അനുവദിച്ചത് കഴിഞ്ഞ രണ്ടുവർഷമായി വർക്കിംഗ് അറേഞ്ചുമെന്റിൽ വേറൊരു ആശുപത്രിയിലാണ്. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. ഇതൊക്കെ ചർച്ച ചെയ്ത് ഫലപ്രദമായി പരിഹരിക്കാൻ കഴിയുമായി

രുന്നുവെങ്കിൽ...... മഴ തുടങ്ങിയിട്ടേയുള്ളൂ. ഇനിയും രണ്ടുമൂന്ന് മാസം മഴ ക്കാലമാണ്. ഇപ്പോഴത്തെ അവസ്ഥതന്നെ ഇതാണെങ്കിൽ ഇനിയങ്ങോട്ട് വരുന്ന നാളുകളിൽ എന്തായിരിക്കും നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി യെന്ന് മുൻകൂട്ടി കാണുവാനുംപദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യാനു മുള്ള സൻമനോഭാവം കാണിക്കുന്നതിനുപകരം എം.എൽ.എ.-മാർക്ക് ഉപദേ ശങ്ങൾ നൽകിയും ജനാധിപത്യത്തെക്കുറിച്ച് സ്റ്റഡി ക്ലാസ്സെടുത്തും ഗവൺമെന്റ് ഈ പ്രശ്നം കൈകാര്യം ചെയ്തത് അങ്ങേയറ്റം പ്രതിഷേ ധാർഹമാണ്. ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്ത നടപടി യിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(ശ്രദ്ധക്ഷണിക്കൽ)